# VIJAYABHERI

## FOCUS PLUS ONE- 2021

MALAPPURAM DISTRICT PANCHAYATH
EDUCATIONAL PROJECT

# SOCIOLOGY

ACADEMIC SUPPORT: DIET MALAPPURAM & HIGHER SECONDARY SOCIOLOGY TEACHERS MALAPPURAM DIST.

മലപ്പുറം ജില്ലാ പഞ്ചായത്ത് വിജയഭേരി വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം പ്ലസ് ടൂ/വി.എച്ച്.എസ്.സി രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി ഫോക്കസ് 21 എന്ന പേരിൽ തയ്യാറാക്കിയ സ്റ്റഡി മെറ്റീരിയലുകൾക്ക് അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. കോവിഡ് മഹാമാരി മൂലം സാധാരണ ക്ലാസുകൾ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത മെറ്റീരിയൽ ഏറെ സഹായകരമായെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ഒന്നാം വർഷ വിദ്യാർത്ഥികൾക്കുള്ള പരീക്ഷ സെപ്തംബർ ആദ്യവാരം നടക്കുകയാണ്. ഫോക്കസ് പാഠഭാഗങ്ങൾക്കായി വിജയഭേരി ഫോക്കസ് പ്ലസ് വൺ എന്ന പേരിൽ കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷവും വിവിധ വിഷയങ്ങൾക്ക് പ്രത്യേക സ്റ്റഡി മെറ്റീരിയൽ മലപ്പുറം ജില്ലാ പഞ്ചായത്ത് വിജയഭേരി വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കുകയാണ്. മലപ്പുറം ഡയറ്റാണ് പ്രസ്തുത മെറ്റീരിയലിനുള്ള അക്കാദമിക പിൻതുണ നൽകിയിട്ടുള്ളത്. വിവിധ വിഷയങ്ങളുടെ ജില്ലാതല അധ്യാപകരുടെ അസോസിയേഷനാണ് ഈ പ്രവർത്തനങ്ങൾക്ക് ഞങ്ങളുടെ കൂടെ നിന്നത്. എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഊ ഉദ്യമം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ വിദ്യാർത്ഥികൾക്കും മികച്ച വിജയം കൈവരിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**എം.കെ. റഫീഖ**
പ്രസിഡന്റ്
ജില്ലാ പഞ്ചായത്ത്, മലപ്പുറം

**നസീബ അസീസ്**
ചെയർപേർസൺ
ആരോഗ്യ വിദ്യാഭ്യാസ സ്ഥിര സമിതി

**ശ്രീമതി. സ്നേഹലത**
RDD മലപ്പുറം

**ശ്രീ. ഉബൈദുള്ള**
AD VHSE

**ശ്രീ. പി. മുഹമ്മദ് മുസ്തഫ**
പ്രിൻസിപ്പൾ ഇൻചാർജ്
ഡയറ്റ് മലപ്പുറം

**ടി. സലിം**
കോഡിനേറ്റർ
വിജയഭേരി വിദ്യാഭ്യാസ പദ്ധതി

## വർക്ക്ഷോപ്പിൽ പങ്കെടുത്തവർ

1. **ഗിരീഷ് ചുണ്ടക്കാടൻ**
   ഗവ. എച്ച്.എസ്.എസ്. തടത്തിൽപറമ്പ

2. **ഫൈസൽ കെ**
   ഇ.എം.ഇ.എ എച്ച്.എസ്.എസ് കൊണ്ടോട്ടി

3. **വനജദാസ്**
   എച്ച്.എം.വൈ.എച്ച്.എസ്.എസ് മഞ്ചേരി

4. **അഷറഫ് തെക്കേടത്ത്**
   ജി.വി.എച്ച്.എസ്.എസ് കീഴുപറമ്പ

5. **ഡോ. മുഹമ്മദ് അമാനുല്ല എ.കെ.**
   ഗവ. എച്ച്.എസ്.എസ് മങ്കട

6. **ഡിമ്പിൾ ജെയിംസ്**
   പി.എച്ച്.എസ്.എസ് പന്തല്ലൂർ

7. **ഡോ. ഫൗസിയ പി.**
   ഗവ. എച്ച്.എസ്.എസ് പെരുവള്ളൂർ

## അധ്യായം 1

# സമൂഹശാസ്ത്രവും സമൂഹവും (SOCIOLOGY AND SOCIETY)

19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പശ്ചിമ യൂറോപ്പിലാണ് സമൂഹശാസ്ത്രം ആവിർഭവിച്ചത്. സമൂഹശാസ്ത്രം സമൂഹത്തെക്കുറിച്ചുള്ള ചിട്ടയായ ശാസ്ത്രീയ പഠനമാണ്. അഗസ്റ്റ് കോംതെ (സമൂഹശാസ്ത്രത്തിന്റെ പിതാവ്)- മാനവരാശിയുടെ ക്ഷേമത്തിന് സമൂഹശാസ്ത്രം വലിയ സംഭാവന നൽകുമെന്ന് വിശ്വസിച്ചു.

## I. സമൂഹശാസ്ത്രസങ്കൽപം: വ്യക്തിഗതപ്രശ്നവും പൊതുപ്രശ്നവും (Sociological Imagination: The Personal Problem and the Public Issue)

അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ സി.ഡബ്ല്യൂ. മിൽസ് 1959-ൽ (C. Wright Mills) അവതരിപ്പിച്ച ആശയം. വ്യക്തിഗതവും സാമൂഹികവുമായ പ്രശ്നങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. ചരിത്രത്തെക്കുറിച്ചും ജീവചരിത്രത്തെക്കുറിച്ചും ധാരണ ഉളവാക്കാനും അവ തമ്മിലുള്ള ബന്ധം മനസ്സിലാക്കാനും സമൂഹശാസ്ത്ര സങ്കല്പം സഹായിക്കുന്നു. വ്യക്തിയുടെ സ്വഭാവത്തിലും അടുത്ത ബന്ധങ്ങളുടെ വ്യാപ്തിയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ അവരെയും അവരുടെ ചുറ്റുപാടുകളെയും ബാധിക്കുന്നു എന്ന് അവർ തിരിച്ചറിയുന്നു. ഒരു വ്യക്തിയുടെ ജീവിതത്തെയോ, ഒരു സമൂഹത്തിന്റെ ചരിത്രത്തെയോ മനസ്സിലാക്കണമെങ്കിൽ അവ രണ്ടിനെക്കുറിച്ചും ഒരു ധാരണ ഉണ്ടായിരിക്കണം.

## II. സമൂഹശാസ്ത്രവും സാമാന്യജ്ഞാനവും (സാമാന്യബോധ നിരീക്ഷണം) (Sociology and Common Sense Knowledge)

തികച്ചും സ്വാഭാവികവും വ്യക്തിപരവുമായ വിശദീകരണങ്ങളാണ് സാമാന്യജ്ഞാനത്തിന്റെ അടിസ്ഥാനം. സാമാന്യജ്ഞാനത്തിലധിഷ്ഠിതമായ നിഗമനങ്ങൾ ശരിയോ തെറ്റോ ആകാം. സാമാന്യജ്ഞാന നിരീക്ഷണങ്ങൾ വ്യക്തിപരമാണ്. അവയ്ക്ക് യാതൊരു ശാസ്ത്രീയ അടിത്തറയും ഉണ്ടാകണമെന്നില്ല.

സമൂഹശാസ്ത്രം സാമാന്യബോധ നിരീക്ഷണങ്ങളെ അംഗീകരിക്കുന്നില്ല. സമൂഹശാസ്ത്രം ശാസ്ത്രീയമായ രീതിശാസ്ത്രമാണ് ഉപയോഗിക്കുന്നത്. സങ്കൽപ്പനങ്ങളുടെയും പഠനരീതികളുടേയും ദത്തങ്ങളുടെയും ഒരു ചട്ടക്കൂട് സമൂഹശാസ്ത്രത്തിനുണ്ട്. സമൂഹശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ ശാസ്ത്രീയമായി പരിശോധിക്കാവുന്നതാണ്. സാമാന്യജ്ഞാനം സ്വയം പ്രതിഫലനത്തിന് വിധേയമാക്കുന്നില്ല.

| | സാമാന്യജ്ഞാനം | സമൂഹശാസ്ത്രം |
|---|---|---|
| 1 | ശാസ്ത്രീയതയോ ചട്ടക്കൂടോ പുന:പരിശോധനയോ ഇല്ല. | ശാസ്ത്രീയമായ രീതിശാസ്ത്രം ഉപയോഗിക്കുന്നു. |
| 2 | സ്വയം പ്രതിഫലന സാധ്യതയില്ല | ചിട്ടയായ ചോദ്യങ്ങൾ ഉപയോഗിക്കുന്നു. |
| 3 | സാമാന്യജ്ഞാനത്തിലെ കണ്ടെത്തലുകളുടെ ഉല്പത്തി ചോദ്യം ചെയ്യപ്പെടാറില്ല. | പഠനരീതികളുടെയും വിവരശേഖരണത്തിന്റെയും ഒരു ചട്ടക്കൂട് ഉപയോഗിക്കുന്നു. |
| 4 | എന്തിന് ഇതിൽ വിശ്വസിക്കണമെന്ന ചോദ്യമില്ല. | കണ്ടെത്തലുകളെ വീണ്ടും ശാസ്ത്രീയമായ പരിശോധനയ്ക്കു വിധേയമാക്കാം. |
| | | എല്ലാ അറിവുകളെയും ചോദ്യം ചെയ്യാൻ അനുവദിക്കുന്നു |
| | | അറിവിന്റെ യാഥാർത്ഥ്യത്തെ അറിയാൻ ശ്രമിക്കുന്നു |

**ദാരിദ്ര്യത്തെക്കുറിച്ചുള്ള വിശദീകരണം (Explanation about Poverty)**

| | സാമാന്യജ്ഞാന വിശദീകരണം (Common sense/Natural explanation) | സമൂഹശാസ്ത്രമായ വിശദീകരണം (Sociological Explanation) |
|---|---|---|
| | ജനങ്ങൾ ദിരദ്രരാകാനുള്ള കാരണം താഴെ പറയുന്നവയാണ് | |
| 1 | ജനങ്ങൾക്കു ജോലിചെയ്യാൻ താല്പര്യമില്ലാത്തതുകൊണ്ട്. | സമൂഹത്തിലെ വർഗ്ഗ അസമത്വമാണ് ഇതിനു കാരണം. |
| 2 | കുടുംബ പ്രശ്നങ്ങൾ മൂലം | സ്ഥിരമായ തൊഴിലില്ലാത്തതുകൊണ്ട് |
| 3 | കൃത്യമായി വരവു ചെലവുകൾ സന്തുലിതമാക്കാൻ കഴിവില്ല | കുറഞ്ഞ വേതനം |
| 4. | ബുദ്ധിക്കുറവും സൂക്ഷ്മതയില്ലായ്മയും | അവസരങ്ങളില്ലായ്മ |

## III. സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി (The Scope of Sociology)

- സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി വിപുലമാണ്.

1. വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധത്തെ വിശകലനം ചെയ്യുന്നു. ഉദാ-കച്ചവടക്കാരനും ഉപഭോക്താവും തമ്മിൽ, വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ, സുഹൃത്തുക്കൾ തമ്മിൽ, കുടുംബാംഗങ്ങൾ തമ്മിൽ.

2. ദേശീയ പ്രശ്നങ്ങളെ പഠനവിധേയമാക്കുന്നു. ഉദാ-തൊഴിലില്ലായ്മ, ജാതിസംഘർഷം, വനനിയമങ്ങൾ ഗോത്ര-ജനതയുടെ അവകാശങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ, ഗ്രാമീണ കടബാധ്യത.

3. ആഗോളപ്രക്രിയകളെ വിശകലനം ചെയ്യുന്നു. ഉദാ:- പുതിയ തൊഴിൽ നിയന്ത്രണ ങ്ങൾ, നവമാധ്യമങ്ങൾക്ക് യുവജനങ്ങളിലുള്ള സ്വാധീനം, വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് വിദേശസർവ്വകലാശാലകളുടെ കടന്നുവരവ്.

– സമൂഹശാസ്ത്രം എന്നത് എന്തുപഠിക്കുന്നു എന്നുള്ളതല്ല, വിഷയത്തെ എങ്ങനെ പഠി ക്കുന്നു എന്നതാണ്.

## VIII. സോഷ്യോളജിയും മറ്റ് സാമൂഹ്യശാസ്ത്രവിഷയങ്ങളും തമ്മിലുള്ള ബന്ധം. (Sociology's Relationship to other Social Science Disciplines)

വിവിധ വിഷയങ്ങൾ തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും പല ആശയങ്ങളും അവ തമ്മിൽ പങ്കുവയ്ക്കുന്നുണ്ട്. സാമ്യങ്ങളെ അംഗീകരിക്കുന്ന അന്തർവിഷയ കമായ ഒരു സമീപനമാണ് നമുക്ക് ആവശ്യം (Interdisciplinary Approach).

### സമൂഹശാസ്ത്രവും മന:ശാസ്ത്രവും (Sociology and Psychology)

മന:ശാസ്ത്രം മനുഷ്യപെരുമാറ്റത്തിന്റെ ശാസ്ത്രീയപഠനമാണ്. ഇത് വ്യക്തിയുമായി ബന്ധപ്പെട്ട വിഷയങ്ങളെയാണ് കൈകാര്യം ചെയ്യുന്നത്. ഉദാ- ഒരു വ്യക്തിയുടെ പഠനം, ബുദ്ധി, പ്രേരണകൾ, ഓർമ്മ, നാഡീവ്യവസ്ഥ, പ്രതികരണം സമയം, പ്രതീക്ഷകൾ, ആശങ്ക കൾ, ഭയം. സാമൂഹിക മന:ശാസ്ത്രം ഈ രണ്ട് വിഷയങ്ങളേയും ബന്ധിപ്പിക്കുന്നു. സാമൂ ഹിക മന:ശാസ്ത്രം വ്യക്തിയിൽ കേന്ദ്രീകരിക്കുന്നതിനോടൊപ്പം, വ്യക്തി സാമൂഹിക സംഘ ങ്ങളിലും മറ്റു വ്യക്തികളുമായി കൂട്ടായി പെരുമാറുന്ന രീതിയെക്കുറിച്ചും പഠിക്കുന്നു.

**വ്യത്യാസങ്ങൾ**

| | മന:ശാസ്ത്രം (Psychology) | സമൂഹശാസ്ത്രം (Sociology) |
|---|---|---|
| 1 | കേന്ദ്രബിന്ദു വ്യക്തിയാണ് | കേന്ദ്രബിന്ദു സമൂഹമാണ് |
| 2 | വ്യക്തിയുടെ പെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്നു | സാമൂഹിക പെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്നു. |
| 3 | മാനസിക പ്രക്രിയകളെ വിശകലനം ചെയ്യുന്നു | സാമൂഹിക പ്രക്രിയകളെ വിശകലനം ചെയ്യുന്നു. |
| 4 | പരീക്ഷണരീതിയ്ക്ക് പ്രാധാന്യം നൽകുന്നു. | ഫീൽഡ് വർക്കിന് പ്രാധാന്യം നൽകുന്നു. |

### (5). സമൂഹശാസ്ത്രവും സാമൂഹിക നരവംശശാസ്ത്രവും (Sociology and Anthropology)

മനുഷ്യന്റെ ലളിത സമൂഹങ്ങളെക്കുറിച്ചുള്ള സമഗ്രപഠനമാണ് നരവംശശാസ്ത്രം. നര വംശശാസ്ത്രത്തിന്റെ ശാഖകൾ – പുരാവസ്തുശാസ്ത്രം, ഭൗതികനരവംശശാസ്ത്രം, സമൂഹ നരവംശശാസ്ത്രം, സാംസ്കാരിക നരവംശശാസ്ത്രം. സമൂഹ നരവംശശാസ്ത്രവും സാംസ്കാരിക നരവംശശാസ്ത്രവും സമൂഹശാസ്ത്രത്തിന്റെ പഠനവുമായി അടുത്തുനിൽക്കുന്നു. ഈ രണ്ടു വിഷയങ്ങളും തമ്മിൽ ഗവേഷണരീതികളും സമ്പ്രദായ

ങ്ങളും പരസ്പരം കൈമാറ്റം ചെയ്യുന്നുണ്ട്. സാമൂഹിക നരവംശശാസ്ത്രത്തിലെ ഫീൽഡ് വർക്കും മറ്റു വംശീയ ശാസ്ത്ര രീതികളും സമൂഹശാസ്ത്രം ഉപയോഗിക്കുന്നുണ്ട്. നരവംശശാസ്ത്രജ്ഞർ സമൂഹശാസ്ത്രത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന സർവ്വേ രീതി, പരിമാണാത്മക വിവരങ്ങൾ എന്നിവ സ്വീകരിക്കാറുണ്ട്.

**വ്യത്യാസങ്ങൾ**

| | **നരവംശശാസ്ത്രം (Anthropology)** | **സമൂഹശാസ്ത്രം (Sociology)** |
|---|---|---|
| **1** | പ്രാകൃത സമൂഹങ്ങളെ അഥവാ ലളിത സമൂഹങ്ങളെ പഠനവിധേയമാക്കുന്നു | സമകാലിക സമൂഹത്തെക്കുറിച്ച് പഠിക്കുന്നു (ആധുനികവും സങ്കീർണ്ണവുമായ സമൂഹം). |
| **2** | പ്രദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം<br>ഉദാ- ആന്തമാൻ ദ്വീപുകൾ, ന്യൂറസ്/ മെലനേഷ്യ | സങ്കീർണ്ണ സമൂഹങ്ങളെ പഠനവിധേയമാക്കുന്നു.<br>ഉദാ-ബ്യൂറോക്രസി, മതം, ജാതി, സമൂഹചലനക്ഷമത. |
| **3** | പഠനരീതികൾ-ഫീൽഡ് വർക്ക്, എത്നോഗ്രാഫിക് പഠനമാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വിവരശേഖരണം | പഠനരീതികൾ-സർവ്വേ, ചോദ്യാവലി തുടങ്ങിയ മാർഗ്ഗങ്ങളിലുടെ ശേഖരിക്കുന്ന സാംഖ്യ വിവരങ്ങൾ |

## അധ്യായം 2

## പദങ്ങളും സങ്കല്പനങ്ങളും അവയുടെ ഉപയോഗവും സമൂഹശാസ്ത്രത്തിൽ (Terms, Concepts and their Use in Sociology)

സമൂഹശാസ്ത്രം എന്ന വിഷയത്തെ വളരെ കൃത്യമായി മനസ്സിലാക്കുന്നതിന് പദങ്ങളും സങ്കല്പനങ്ങളും അത്യാവശ്യമാണ്. ഇവ സമൂഹത്തെ മനസ്സിലാക്കാൻ സമൂഹശാസ്ത്രജ്ഞരെ സഹായിക്കുന്നു.

### സഞ്ചയം (Aggregate)

ഒരു നിശ്ചിത ബന്ധമില്ലാതെ ഒരേസമയം ഒരേ സ്ഥലത്ത് ഒന്നിച്ചു കൂടുന്ന ആളുകളെയാണ് സഞ്ചയം (Aggregates) എന്നു വിളിക്കുന്നത്. ഒരു റെയിൽവേ സ്റ്റേഷനിലോ ബസ്റ്റോപ്പിലോ എയർപോർട്ടിലോ കാത്തിരിക്കുന്ന ജനങ്ങൾ ഇതിന് ഉദാഹരണമാണ്. ഇത്തരം സഞ്ചയത്തെ പലപ്പോഴും അർദ്ധ സംഘങ്ങൾ എന്നും വിളിക്കാറുണ്ട്.

### അർധ സംഘങ്ങൾ (Quasi Groups)

സംഘത്തിലെ ആളുകൾക്ക് അവരുടെ അംഗത്വത്തെക്കുറിച്ചോ, സംഘം ചേരുന്നതിനെക്കുറിച്ചോ യാതൊരു ധാരണയും ഇല്ലാത്ത ഒരു കൂട്ടമാണ് അർധ സംഘങ്ങൾ. വർഗ്ഗങ്ങൾ, ലിംഗ സംഘങ്ങൾ, ആൾക്കൂട്ടങ്ങൾ എന്നിവ അർദ്ധ സംഘങ്ങൾക്ക് ഉദാഹരണമാണ്.

**പ്രത്യേകതകൾ**

1. ഒരു നിശ്ചിത ഘടനയില്ല
2. സംഘടനാ സ്വഭാവം ഇല്ല
3. അംഗങ്ങൾ തമ്മിൽ പരസ്പരം ബന്ധം ഉണ്ടാവില്ല

ചില പ്രത്യേക സാഹചര്യങ്ങളിൽ അർദ്ധ സംഘങ്ങൾ സാമൂഹിക സംഘങ്ങളായി മാറാം. എപ്പോഴാണോ അർദ്ധ സംഘത്തിലെ അംഗങ്ങൾ നമ്മൾ എന്ന ബോധം ഉണ്ടാക്കുന്നത് അപ്പോൾ അത് സാമൂഹിക സംഘങ്ങളായി മാറുന്നു. ഉദാ: വനിതാ പ്രസ്ഥാനം.

**സാമൂഹിക സംഘങ്ങൾ**

ഒരു പ്രത്യേക സമൂഹത്തിൽ പൊതു താൽപര്യവും, സംസ്കാരവും, മൂല്യങ്ങളും, നിയമങ്ങളും തുടർച്ചയായ പരസ്പര പ്രവർത്തനത്തിലൂടെ പങ്കുവയ്ക്കുന്ന വ്യക്തികളുടെ കൂട്ടത്തെയാണ് സാമൂഹിക സംഘങ്ങൾ എന്ന് വിളിക്കുന്നത്.

**സാമൂഹിക സംഘത്തിന്റെ സവിശേഷതകൾ**

1. തുടർച്ചയായ പരസ്പരപ്രവർത്തനം
2. ഈ പരസ്പര പ്രവർത്തനത്തിന്റെ ഒരു സുസ്ഥിര മാതൃക
3. സംഘബോധം
4. പൊതുതാൽപര്യം
5. പൊതുവായ നിയമങ്ങളുടെയും മൂല്യങ്ങളുടെയും സ്വീകാര്യത
6. ഒരു നിശ്ചിത ഘടന

### വിവിധതരം സാമൂഹിക സംഘങ്ങൾ

## പ്രാഥമികവും ദ്വിതീയവുമായ സാമൂഹിക സംഘങ്ങൾ (Primary and Secondary Social Groups)

### പ്രാഥമിക സംഘം (Primary Group)

മുഖാമുഖ ബന്ധത്തോടെ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വൈകാരിക മായി വളരെ അടുപ്പമുള്ള ചെറിയ സംഘമാണ് പ്രാഥമിക സംഘങ്ങൾ. ഉദാ: കുടുംബം, ഗ്രാമം, അയൽപക്കം, സമപ്രായക്കാരുടെ സംഘങ്ങൾ

### പ്രാഥമിക സംഘത്തിന്റെ സവിശേഷതകൾ

1. പ്രാഥമിക സംഘത്തിലെ അംഗങ്ങൾക്ക് "നമ്മൾ" എന്ന ബോധം ഉണ്ടായിരിക്കും
2. വലിപ്പത്തിൽ ചെറുതാണ്.
3. വ്യക്ത്യാധിഷ്ഠിതമാണ്.
4. വൈകാരികമായി നേരിട്ടുള്ള ബന്ധങ്ങൾ ഉണ്ടായിരിക്കും

### ദ്വിതീയ സംഘങ്ങൾ

ഔപചാരികവും, വ്യക്തിപരമല്ലാത്ത ബന്ധങ്ങളും നിലനിർത്തുന്ന താരതമ്യേന വലിയ സംഘങ്ങളെയാണ് ദ്വിതീയ സംഘങ്ങൾ എന്നു വിളിക്കുന്നത്. ഉദാ: വിദ്യാലയങ്ങൾ, വിദ്യാർത്ഥിസംഘടനകൾ, ആശുപത്രി, സർക്കാർ ഓഫീസുകൾ എന്നിവ.

### ദ്വിതീയ സംഘത്തിന്റെ സവിശേഷതകൾ

1. ഔപചാരികമായ ബന്ധങ്ങൾ
2. ലക്ഷ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്
3. താരതമ്യേന വലുതാണ്
4. നേരിട്ടല്ലാതെയുള്ള ആശയവിനിമയം

## സമുദായം, സമാജം (Community, Association)

ഒരു നിശ്ചിത പ്രദേശത്ത് വളരെ അടുത്തതും, വ്യക്തിപരവും, കുറേക്കാലം നിലനിൽക്കുന്നതു മായ ബന്ധത്തോട് കൂടി ജീവിക്കുന്ന ഒരുകൂട്ടം ആളുകളെയാണ് സമുദായം എന്ന് വിളിക്കുന്ന ത്. ഉദാ: കുടുംബം, ഗ്രാമം

### പ്രത്യകതകൾ

1. 'നമ്മൾ' എന്ന വികാരം
2. ദീർഘകാലം നിലനിൽക്കുന്ന ബന്ധങ്ങൾ
3. ഒരു നിശ്ചിത ഭൂപ്രദേശം

**സമാജം**

ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടിയുള്ള ജനങ്ങളുടെ സംഘം ചേരലിനെ സമാജം എന്നുപറയുന്നു. സമാജം ഒരു ദ്വിതീയ സംഘമാണ്. ഉദാ: കുടുംബം, ചർച്ച്, ട്രേഡ് യൂണിയൻ, സംഗീത ക്ലബുകൾ, അയൽക്കൂട്ടങ്ങളുടെ സംഘങ്ങൾ.

**അംഗ സംഘങ്ങളും അംഗേതരസംഘങ്ങളും (In-Groups and Out – Groups)**

ഒരു വ്യക്തി അംഗമാവുകയും നമ്മൾ എന്ന വികാരം പങ്കിടുകയും ചെയ്യുന്ന സംഘ മാണ് അംഗ സംഘങ്ങൾ. W.G.Sumner ആണ് ഈ ആശയം രൂപീകരിച്ചത്. 'നമ്മുടെ' അല്ലെ ങ്കിൽ 'നമ്മൾ' എന്ന വികാരമാണ് ഇന്റർഗ്രൂപ്പിനെ ഔട്ട്ഗ്രൂപ്പിൽ നിന്നും വേർതിരിക്കുന്നത്. ഒരു പ്രത്യേക സ്കൂളിലെ വിദ്യാർത്ഥികൾ അംഗസംഘത്തിന് ഉദാഹരണമാണ്. അംഗസം ഘത്തെ പറയുന്ന മറ്റൊരു പേരാണ് സംഘം (We Group).

ഒരു വ്യക്തി അംഗമല്ലാത്ത സംഘത്തെയാണ് ഔട്ട് ഗ്രൂപ്പ് അഥവാ അംഗേതര സംഘ ങ്ങൾ എന്ന് വിളിക്കുന്നത്. അവരുടെ ഗ്രൂപ്പ് (They Group) എന്നാണ് ഇത് അറിയപ്പെടുന്നത്. ഇൻ ഗ്രൂപ്പിലെ അംഗങ്ങൾ അന്യ സംഘത്തിലെ അംഗങ്ങളോട് അകൽച്ച, വെറുപ്പ്, ശത്രുത എന്നിവ വെച്ചുപുലർത്തുന്നു. ഉദാ: കുടിയേറ്റക്കാർ.

**സൂചിത സംഘങ്ങൾ (Reference Groups)**

ഒരു വ്യക്തി ഏതു സംഘങ്ങളുടെ ജീവിതരീതികൾ ആണ് അനുകരിക്കപ്പെടുന്നത് ആ സംഘത്തെയാണ് സുചിത സംഘം എന്ന് പറയുന്നത്. വ്യക്തികൾ ഇത്തരം സംഘങ്ങളെ നിര ന്തരം നിരീക്ഷിക്കുകയും അത്തരം സംഘങ്ങളിലെ അംഗമാവുന്നതിനുവേണ്ടി താൽപര്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ വ്യക്തി ഒരിക്കലും അംഗങ്ങളല്ലാത്ത എന്നാൽ അംഗമാവാൻ താല്പര്യം പ്രകടിപ്പിക്കുന്ന സംഘമാണ് സുചിത സംഘം. ഉദാ: സിനിമാതാര ങ്ങൾ, സംസ്കാരം, ജീവിതരീതി, അഭിലാഷങ്ങൾ, ലക്ഷ്യപ്രാപ്തികൾ എന്നിവയെക്കുറിച്ച് കൃത്യമായ വിവരം നൽകുന്ന ഒരു പ്രധാന ഉറവിടമാണ് റഫറൻസ് ഗ്രൂപ്പുകൾ.

**സമസംഘങ്ങൾ**

സമപ്രായക്കാർക്കിടയിലോ പൊതുവായ പ്രൊഫഷണൽ വിഭാഗങ്ങൾക്കിടയിലോ രൂപം കൊള്ളുന്ന പ്രാഥമിക സംഘമാണ് സമസംഘങ്ങൾ.

**സാമൂഹിക ശ്രേണീകരണം (Social Stratification)**

സമൂഹത്തിലെ വ്യക്തികളെ അല്ലെങ്കിൽ സംഘങ്ങളെ വിവിധ തട്ടുകളിലായി, അടുക്കുകളായി വിഭജിക്കുന്ന പ്രക്രിയ. സമൂഹത്തിലെ സംഘങ്ങളുടെ അസമത്വങ്ങളെയാണ് ഇത് സൂചിപ്പിക്കു ന്നത്. നാലുതരം ശ്രേണീകരണ വ്യവസ്ഥകൾ സമൂഹത്തിൽ നിലനിൽക്കുന്നു.

1. അടിമത്തം
2. ജാതി
3. എസ്റ്റേറ്റ്
4. വർഗ്ഗം

### ജാതി (Caste)

ജാതി വ്യവസ്ഥയിൽ ജനനമാണ് ഒരുവ്യക്തിയുടെ സാമൂഹിക പദവി തീരുമാനിക്കുന്നത്. പരമ്പരാഗത ഇന്ത്യയിലെ ജാതിശ്രേണിയിൽ വ്യത്യസ്ഥജാതികൾക്ക് വ്യത്യസ്ത സാമൂഹിക പദവിയാണ് ഉണ്ടായിരുന്നത്. ജാതിശ്രേണിയിൽ ഏറ്റവും മുകളിലത്തെ തട്ടിലുള്ളവർക്ക് ഉയർന്ന സാമൂഹിക പദവിയും സാമൂഹിക വിഭവങ്ങളും ഉണ്ടായിരുന്നു. എന്നാൽ താഴെ തട്ടിലുള്ളവർക്ക് സാമൂഹിക ബഹിഷ്കരണവും താഴ്ന്ന സാമൂഹിക പദവിയുമാണ് ഉണ്ടായിരുന്നത്.

ജാതിവ്യവസ്ഥയുടെ അടിസ്ഥാനതത്വമാണ് ശുദ്ധി അശുദ്ധി (Purity or Pollution) എന്ന സങ്കൽപം. പുരോഹിത വർഗ്ഗമായ ബ്രാഹ്മണർ ശുദ്ധനും ജാതി ശ്രേണിയിൽ ഉയർന്ന പദവി ഉള്ളവരുമാണ് . പഞ്ചമർ അഥവാ പുറം ജാതിക്കാർ (Out Caste) ജാതിശ്രേണിയിൽ താഴ്ന്ന പദവിയാണ് ലഭിച്ചത്. ചാതുർവർണ്ണ്യ സമ്പ്രദായമനുസരിച്ച് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ 4 വർണ്ണങ്ങളാണ് ഉണ്ടായിരുന്നത്.

ഇന്ത്യൻ ജാതിവ്യവസ്ഥ നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. നഗരവത്ക്കരണം, ആധുനിക വിദ്യാഭ്യാസം, ജനാധിപത്യം എന്നിവ ജാതിവ്യവസ്ഥയ്ക്ക് സാരമായ പരിക്കേൽപ്പിച്ചു.

### വർഗ്ഗം (Class)

ഒരു നിശ്ചിത സമൂഹത്തിൽ ഒരേ സാമൂഹിക പദവി അലങ്കരിക്കുന്ന ഒരുകൂട്ടം ആളുകളെ സാമൂഹിക വർഗ്ഗം എന്നുവിളിക്കുന്നു. ആധുനിക പരിഷ്കൃത സമൂഹത്തിൽ വ്യത്യസ്ത വിഭാഗങ്ങളിലുള്ള വർഗ്ഗങ്ങളെ കാണുന്നു. വർഗ്ഗത്തിന്റെ അടിസ്ഥാനം സമ്പത്താണ്.

### വർഗ്ഗത്തെക്കുറിച്ചുള്ള സംഘട്ടനവാദം (Conflict view on Class)

ഉത്പാദനമാർഗ്ഗങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് കാറൽ മാർക്സ് വർഗ്ഗത്തെ നിർവ്വചിച്ചത്. ഉത്പാദന മാർഗ്ഗങ്ങൾ സ്വന്തമായുള്ളവരെ മുതലാളി എന്നും സ്വന്തം അധ്വാനം മാത്രം കയ്യിലുള്ളവരെ തൊഴിലാളി എന്നും രണ്ടു വർഗ്ഗങ്ങളായി അദ്ദേഹം വിശേഷിപ്പിച്ചു.

ജീവിതാവസരങ്ങളുടെ (Life Chances) അടിസ്ഥാനത്തിലാണ് വെബർ വർഗ്ഗത്തെ നിർവ്വചിക്കുന്നത്. ഇത് കമ്പോളശേഷിയിൽ നിന്ന് ലഭിക്കുന്ന നേട്ടത്തെയും പ്രതിഫലത്തെയും സൂചിപ്പിക്കുന്നു. സാമൂഹിക അസമത്വം സൃഷ്ടിക്കുന്ന പ്രധാന ഘടകങ്ങളാണ് സാമ്പത്തിക ബന്ധം, അന്തസ്സ്, രാഷ്ട്രീയ അധികാരം എന്നാണ് വെബർ അഭിപ്രായപ്പെടുന്നത്.

### വർഗ്ഗത്തെക്കുറിച്ചുള്ള നിർവ്വഹണവാദ വീക്ഷണം (Functionalist view on Social Class)

ഒരു സമൂഹവും വർഗ്ഗരഹിതമല്ല. എല്ലാ സമൂഹങ്ങളിലും സാമൂഹികവും സാമ്പത്തികവുമായ അസമത്വം നിലനിൽക്കുന്നു. സാമൂഹിക ശ്രേണീകരണം നിലനിൽക്കാനുള്ള കാരണം സാമൂഹിക ഘടനയിലെ എല്ലാ പ്രധാന സ്ഥാനങ്ങളിലും യോഗ്യരായ വ്യക്തികളാണ് ഉണ്ടായിരിക്കേണ്ടത് എന്നത് സമൂഹത്തിന്റെ ആവശ്യകതയാണ് എന്നുള്ളതുകൊണ്ടാണ്.

| ജാതി | വർഗ്ഗം |
|---|---|
| ജാതിവ്യവസ്ഥയ്ക്ക് മതത്തിന്റെ അംഗീകാരം ഉണ്ട് | നിയമത്തിന്റെയോ മതത്തിന്റെയോ അംഗീകാരമില്ല |
| ജാതി വ്യവസ്ഥ കർക്കശമാണ് | വർഗ്ഗം അയഞ്ഞതാണ് |
| ജനനമാണ് ജാതിയിലെ സാമൂഹിക സ്ഥാനം നിർണ്ണയിക്കുന്നത് | വർഗ്ഗപദവി ആർജ്ജിച്ചെടുക്കുന്നത് ഒരാളുടെ കഴിവിന്റെയും നേട്ടത്തിന്റെയും അടിസ്ഥാനത്തിലാണ്. |
| ഇന്ത്യൻ പ്രതിഭാസമാണ് | ആഗോള പ്രതിഭാസമാണ് |

## പദവി, പങ്ക് (Status, Role)

പദവിയും പങ്കും ഇരട്ട സങ്കൽപങ്ങളാണ്. സമൂഹത്തിലെയോ സംഘത്തിലെയോ ഒരു വ്യക്തിക്കുള്ള സ്ഥാനമാണ് പദവികൊണ്ട് അർത്ഥമാക്കുന്നത്. പ്രത്യേക അവകാശങ്ങളും ചുമതലകളും നിർവ്വഹിച്ചിട്ടുള്ള സാമൂഹിക സ്ഥാനത്തെയാണ് പദവി എന്നു പറയുന്നത്. ഉദാ: മാതാവ് വഹിക്കുന്ന പദവി.

## പങ്ക് (Role)

പദവിയുടെ ചലനാത്മകമോ പെരുമാറ്റപരമോ ആയ തലത്തെയാണ് പങ്ക് എന്ന് വിളിക്കുന്നത്. ഒരു നിശ്ചിത പദവിയിലിരിക്കുന്ന വ്യക്തിയിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്ന പെരുമാറ്റമാണ് പങ്ക്. പദവികൾ വഹിക്കാനുള്ളതും പങ്ക് നിർവ്വഹിക്കാനുള്ളതുമാണ്.

രണ്ടു തരത്തിലുള്ള പദവികൾ

1. ആരോപിത പദവി
2. ആർജ്ജിത പദവി

## ആരോപിത പദവി (Ascribed Status)

ഒരു വ്യക്തിക്ക് ജനനംകൊണ്ട് സമൂഹത്തിൽ നിന്ന് ലഭിക്കുന്ന സ്ഥാനമാണിത്. ഒരാളുടെ വയസ്സ്, ജാതി, വംശം, ബന്ധുത്വം എന്നീ പദവികളെല്ലാം ആരോപിത പദവികളാണ്.

## ആർജ്ജിത പദവി (Achieved Status)

ഒരു വ്യക്തി തന്റെ കഴിവുകൾ, നേട്ടങ്ങൾ, തിരഞ്ഞെടുക്കൽ എന്നിവയിലൂടെ നേടിയെടുക്കുന്ന പദവിയാണ് ആർജ്ജിത പദവി. ഉദാ: ഒരാളുടെ വിദ്യാഭ്യാസ യോഗ്യത, വരുമാനം എന്നിവ.

## പദവിക്കൂട്ടങ്ങൾ (Status Set)

ആധുനിക സമൂഹത്തിൽ ഒരു വ്യക്തി അലങ്കരിക്കുന്ന അനേകം പദവികളെയാണ് പദവിക്കൂട്ടങ്ങൾ എന്നു പറയുന്നത്.

### പദവിക്രമം (Status Sequence)

ഒരു വ്യക്തി തന്റെ വ്യത്യസ്ത ജീവിത കാലഘട്ടത്തിൽ ആർജ്ജിച്ചെടുക്കുന്ന വ്യത്യസ്തങ്ങളായ പദവികളെയാണ് പദവിക്രമം എന്നു പറയുന്നത്. ഉദാ: ഒരു മകൻ പിതാവായും മുത്തച്ഛൻ, മുതുമുത്തച്ഛനായി മാറുന്നു.

### അന്തസ്സ് (Prestige)

പദവിയുമായി ബന്ധപ്പെട്ടിരിക്കുന്ന മൂല്യത്തെയാണ് അന്തസ്സ് എന്നു പറയുന്നത്. ഉദാ: സമൂഹത്തിൽ ഒരു ഡോക്ടർ വാങ്ങുന്ന വരുമാനം കുറവാണെങ്കിൽ പോലും അദ്ദേഹത്തിന്റെ അന്തസ്സ് ഒരു വ്യാപാരിയേക്കാൾ ഉയർന്നതായിരിക്കും.

### പങ്കുസംഘർഷം (Role Conflict)

ഒരു വ്യക്തി അനേകം പദവികൾ നിർവ്വഹിക്കുമ്പോൾ പങ്കുകൾ തമ്മിലുണ്ടാകുന്ന പൊരുത്തക്കേടിനെയാണ് പങ്കു സംഘർഷം എന്നു പറയുന്നത്. ഉദാ: ഒരു മധ്യവർഗ്ഗ കുടുംബത്തിലെ ജോലിക്കാരിയായ സ്ത്രീ വീട്ടിൽ അമ്മയായും ഭാര്യയായും തൊഴിൽ സ്ഥലത്ത് ഒരു തൊഴിൽ വിദഗ്ദയായും വേഷം മാറേണ്ടി വരുന്നു.

### സ്ഥിരപ്പെട്ട പങ്കുകൾ (Role Stereotyping)

സമൂഹത്തിലെ ചില അംഗങ്ങൾക്ക് ചില പ്രത്യേക പങ്ക് സ്ഥിരപ്പെടുത്തുന്ന പ്രക്രിയ. ഉദാ: പുരുഷന്മാരുടെ ധർമ്മം കുടുംബം പോറ്റലും സ്ത്രീകളുടെ ധർമ്മം വീട്ടുജോലിയുമാണെന്ന് സമൂഹം നിർണ്ണയിക്കുന്നു. സാമൂഹീകരണ പ്രക്രിയയിലൂടയൊണ് (Socialisation) വ്യക്തികൾ പങ്കുകൾ ആർജ്ജിച്ചെടുക്കുന്നത്. സാമൂഹികമായ പരസ്പരബന്ധത്തിലൂടെയും വ്യക്തികൾ അവരുടെ സാമൂഹിക പങ്കുകൾ മനസ്സിലാക്കി നിർവ്വഹിക്കാറുണ്ട്.

### സമൂഹവും സാമൂഹിക നിയന്ത്രണവും (Society and Social Control)

സാമൂഹകിക നിയമങ്ങൾ അനുസരിക്കാത്ത ഒരു വ്യക്തിയെ നിയമാനുസൃത രീതിയിലേക്ക് കൊണ്ടുവരാനുള്ള ഒരു മാർഗ്ഗമാണ് സാമൂഹിക നിയന്ത്രണം. വ്യക്തികളുടെ പെരുമാറ്റത്തിന്മേലുള്ള സമൂഹത്തിന്റെ നിയന്ത്രണമാണിത്. സമൂഹത്തിന്റെ സാമൂഹികക്രമം നിലനിർത്തുന്നതിന് സാമൂഹിക നിയന്ത്രണം അത്യന്താപേക്ഷിതമാണ്.

### സാമൂഹിക നിയന്ത്രണം – നിർവ്വഹണവാദം (Functionalist Point of View on Social Control)

(1) വ്യക്തിയുടേയും സംഘത്തിന്റേയും പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിനുള്ള ബല പ്രയോഗം.

(2) സമൂഹത്തിൽ ക്രമവും നിലനിർത്തുന്നതിനുള്ള മൂല്യങ്ങളും മാതൃകകളും നടപ്പാക്കുന്നതിനെ.

- സമൂഹത്തിന്റെ സുസ്ഥിരതയ്ക്ക് സാമൂഹിക നിയന്ത്രണം ആവശ്യമാണ്.

### സംഘർഷവാദം/സംഘട്ടനവാദം (Conflict Point of View on Social Control)

പ്രബല വർഗ്ഗങ്ങൾ സമൂഹത്തിലെ മറ്റുള്ളവരുടെ മുകളിൽ ആധിപത്യം സ്ഥാപിക്കുന്ന സംവിധാനമാണ് സാമൂഹിക നിയന്ത്രണം.

### സാമൂഹിക നിയന്ത്രണം - ഔപചാരികം, അനൗപചാരികം (Social Control- Formal, Informal)

### ഔപചാരിക സാമൂഹിക നിയന്ത്രണം (Formal Social Control)

ചിട്ടയോടെ ക്രോഡീകരിക്കപ്പെട്ട നിയന്ത്രണരീതി. ഉദാ: പോലീസ്, നിയമം, രാഷ്ട്രം (Police, Law and State). ഔപചാരിക സാമൂഹിക നിയന്ത്രണത്തിന്റെ ലംഘനം ശിക്ഷാർഹമാണ്. ആധുനിക സമൂഹങ്ങളിൽ ഔപചാരിക സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾക്കും ഏജൻസികൾക്കുമാണ് ഊന്നൽ കൊടുക്കുന്നത്.

### അനൗപചാരിക സാമൂഹിക നിയന്ത്രണം (Informal Social Control)

വ്യക്തിപരവും അനൗദ്യോഗികവും ക്രോഡീകരിക്കപ്പെട്ടതുമായ നിയന്ത്രണരീതി. പുഞ്ചിരി, മുഖം ചുളിക്കൽ, ശരീരഭാഷ, നെറ്റിചുളിക്കൽ, വിമർശനം, പരിഹാസം, ചിരി, തുടങ്ങിയവ അതിലുൾപ്പെടുന്നു (Smiles, making faces, body language frowns, criticism, ridicule, laughter). എജൻസികൾ - കുടുംബം, മതം, രക്തബന്ധം. ഒരേ സമൂഹത്തിനകത്ത് തന്നെ അവയുടെ ഉപയോഗങ്ങളിൽ വലിയ വ്യത്യാസങ്ങൾ കാണാൻ കഴിയും. ദൈനംദിന ജീവിതത്തിൽ അവയെല്ലാം വളരെ ഫലപ്രദമാണ്. ലംഘിക്കുന്നവരെ നിയമപരമായി ശിക്ഷിക്കാൻ സാധ്യമല്ല.

# അധ്യായം 3
# സാമൂഹിക സ്ഥാപനങ്ങളെ മനസ്സിലാക്കൽ
# (UNDERSTANDING SOCIAL INSTITUTIONS)

❖ **സാമൂഹിക സ്ഥാപനം (Social Institutions)**

സ്ഥാപിത നിയമങ്ങൾ/ചട്ടങ്ങൾ/ആചാരങ്ങൾ എന്നിവക്കനുസരിച്ച് പ്രവർത്തിക്കുന്നവയാണ് സാമൂഹിക സ്ഥാപനങ്ങൾ. അവ വ്യക്തിയുടെ മേൽ ചില നിയന്ത്രണങ്ങൾ അനുശാസിക്കുന്നതോടൊപ്പം അവർക്ക് അവസരങ്ങൾ നൽകുകയും ചെയ്യുന്നു. ഓരോ സാമൂഹിക സ്ഥാപനവും ഓരോ ലക്ഷ്യത്തെയാണ് പ്രതിനിധീകരിക്കുന്നത്.

**നിർവ്വഹണവാദ വീക്ഷണം (Functionalist View)**

– സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉണ്ടാകുന്ന സാമൂഹിക വഴക്കങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, പങ്കുബന്ധങ്ങൾ എന്നിവയുടെ സങ്കീർണ്ണമായ കൂട്ടമാണ് സാമൂഹിക സ്ഥാപനങ്ങൾ. സാമൂഹിക ആവശ്യങ്ങൾ പൂർത്തീകരിക്കാൻ അവ നിലകൊള്ളുന്നു. അനൗപചാരിക സാമൂഹിക സ്ഥാപനം– ഉദാ: കുടുംബം, മതം. ഔപചാരിക സാമൂഹിക സ്ഥാപനം – ഉദാ: നിയമം, വിദ്യാഭ്യാസം.

**സംഘട്ടനവാദ വീക്ഷണം (Conflict View)**

സമൂഹത്തിലെ എല്ലാ വ്യക്തികളും തുല്യരല്ല. സാമൂഹിക സ്ഥാപനങ്ങളെല്ലാം പ്രവർത്തിക്കുന്നത് സമൂഹത്തിലെ പ്രബല വിഭാഗങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടിയാണ്. പ്രബലവിഭാഗങ്ങൾ രാഷ്ട്രീയവും സാമ്പത്തികവുമായ സാമൂഹിക സ്ഥാപനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു. അവർ അധികാരവർഗ്ഗത്തിന്റെ ആശയങ്ങൾ സമൂഹത്തിന്റെ ആശയങ്ങളാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**I. കുടുംബം (Family)**

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ്. സാർവ്വത്രികമായ സാമൂഹിക സ്ഥാപനം. ഒരു വ്യക്തിയുടെ സ്വകാര്യ മണ്ഡലമായ കുടുംബം സാമ്പത്തികവും, രാഷ്ട്രീയവും, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പൊതുമണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

**കുടുംബം : നിർവ്വഹണവാദ വീക്ഷണം**

കുടുംബം ചില പ്രധാനപ്പെട്ട അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയും സാമൂഹിക ക്രമം നിലനിർത്തുകയും ചെയ്യുന്നു. ആധുനിക വ്യാവസായിക സമൂഹങ്ങൾ നന്നായി പ്രവർത്തിക്കണമെങ്കിൽ സ്ത്രീകൾ കുടുംബം പരിപാലിക്കുന്നവരും പുരുഷന്മാർ ജീവിതമാർഗ്ഗം സമ്പാദിക്കുന്നവരുമായിരിക്കണം. വ്യാവസായിക സമൂഹത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അണുകുടുംബമാണ് ഏറ്റവും യോജിച്ച സാമൂഹിക സ്ഥാപനം. അണുകുടുംബത്തിൽ ഭർത്താവ് കുടുംബം പോറ്റുന്ന 'കാരണഭൂതമായ പങ്കും', ഭാര്യ വീട്ടുകാര്യങ്ങൾ നിർവ്വഹിക്കുന്ന 'വൈകാരിക പങ്കും' ചെയ്യുന്നു.

**കുടുംബരീതികളിലെ വ്യതിയാനങ്ങൾ (Variation in Family Forms)**

എ.എം. ഷാ:- സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കൂട്ടുകുടംബങ്ങളുടെ എണ്ണം വർദ്ധിച്ചു. ഇന്ത്യയിൽ വർദ്ധിക്കുന്ന ആയുർദൈർഘ്യമാണ് ഇതിന് കാരണം. വ്യത്യസ്ത സമൂഹങ്ങളിൽ വ്യത്യസ്ത കുടുംബരൂപങ്ങൾ നിലനിൽക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

**(I). വാസസ്ഥലം (The nature of Residence)**

1. **മാതൃഭവനാധിഷ്ഠിത കുടുംബം (Matrilocal Family)**-വരൻ വധുവിന്റെ മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു. (ഭാര്യഗൃഹവാസം)

2. **പിതൃഭവനാധിഷ്ഠിത കുടുംബം (Patrilocal Family)**-വധു വരന്റെ മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു.

**(II). അധികാരം (The Authority)**

(1) **മാതൃമേധാവിത്വ കുടുംബം (Matriarchal Family)**-തീരുമാനമെടുക്കുന്നതിൽ സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്ന കുടുംബം.

(2) **പിതൃമേധാവിത്വ കുടുംബം (Patriarchal Family)**-പുരുഷന് അധികാരവും ആധിപത്യവുമുള്ള കുടുംബം

**(III). പൈതൃകം (Heredity/ Lineage)**

(1) **മാതൃദായ കുടുംബം (Matrilineal Family)**-വംശപാരമ്പര്യം മാതാവിലൂടെയുള്ള കുടുംബം

(2) **പിതൃദായ കുടുംബം (Patrilineal Family)**-വംശപാരമ്പര്യം പിതാവിലൂടെയുള്ള കുടുംബം

**II. വിവാഹം എന്ന സ്ഥാപനം (The Institution of Marriage)**

- പ്രായപൂർത്തിയായ 2 വ്യക്തികൾ തമ്മിൽ സാമൂഹിക അംഗീകാരത്തോടെയുള്ള ലൈംഗികപരമായ ഒത്തുചേരലാണ് വിവാഹം.

**പങ്കാളികളുടെ എണ്ണം, ആർക്ക് ആരെയൊക്കെ വിവാഹം കഴിക്കാം എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിവാഹങ്ങളെ വേർതിരിക്കാം.**

**(I) പങ്കാളികളുടെ എണ്ണം (Number of Partners)**

(1) **ഏകവിവാഹം (Monogamy)**-ഏകവിവാഹത്തിൽ ഒരു വ്യക്തിയ്ക്ക് ഒരുസമയം ഒരു പങ്കാളി എന്നു പരിമിതപ്പെടുത്തിയിരിക്കുന്നു. ഏകവിവാഹമാണ് വ്യാപകമായി നിലനിൽക്കുന്നത്.

➢ **അനുക്രമ ഏകവിവാഹം (Serial Monogamy)**-പങ്കാളിയുടെ മരണശേഷമോ അല്ലെങ്കിൽ വിവാഹമോചനത്തിനു ശേഷമോ വ്യക്തികളെ വീണ്ടും വിവാഹം ചെയ്യാൻ അനുവദിക്കുന്നു.

**(2) ബഹുവിവാഹം (Polygamy)**-ഒരു വ്യക്തി ഒരേസമയം ഒന്നിലധികം വിവാഹം കഴിക്കുന്ന സമ്പ്രദായം.

**ബഹുവിവാഹം – രണ്ട് തരത്തിൽ (Polygamy- Polygyny, Polyandry)**

**a. ബഹുഭാര്യത്വം (Polygyny)**- ഒരു പുരുഷന് ഒരേ സമയം രണ്ടോ അതിലധികമോ ഭാര്യ മാർ ഉണ്ടായിരിക്കുന്ന സമ്പ്രദായം.

**b. ബഹുഭർതൃത്വം (Polyandry)**-ഒരു സ്ത്രീയ്ക്ക് ഒരേ സമയം രണ്ടോ അതിലധികമോ ഭർത്താക്കന്മാർ ഉണ്ടായിരിക്കുന്ന സമ്പ്രദായം.

**(II.) വിവാഹങ്ങളുടെ ക്രമീകരണ വിഷയം: നിയമങ്ങളും നിർദ്ദേശങ്ങളും (The matter of Arranging Marriages: Rules and Prescriptions)**– പങ്കാളിയെ സ്വീകരിക്കാനുള്ള യോഗ്യത/അയോ ഗ്യത എന്നിവയെ അടിസ്ഥാനമാക്കി വിവാഹ രൂപങ്ങളെ സ്വഗണവിവാഹം, ബഹിർഗണവിവാഹം എന്നു രണ്ടായി തരംതിരിക്കാം.

**(1) സ്വഗണവിവാഹം (Endogamy)**-ഒരു സാംസ്കാരിക ഗണത്തിൽ നിന്നും തന്റെ ജീവിതപ ങ്കാളിയെ തിരഞ്ഞെടുക്കുന്ന വിവാഹനിയമം.

**(2) ബഹിർഗണവിവാഹം (Exogamy)**- സ്വഗണത്തിനു പുറത്തുള്ളവരെ വിവാഹം ചെയ്യുന്നതിനെ ബഹിർഗണവിവാഹം എന്നുപറയുന്നു. വടക്കേ ഇന്ത്യയിലെ ചില ഭാഗങ്ങളിൽ ബഹിർഗണവിവാഹം നടക്കാറുണ്ട്.

**III. ബന്ധുത്വം (Kinship)**

– വിവാഹം വഴിയോ രക്തബന്ധം വഴിയോ വ്യക്തികൾ തമ്മിൽ സ്ഥാപിച്ചെടുക്കുന്ന ബന്ധത്തെയാണ് ബന്ധുത്വം എന്നുപറയുന്നത്. ബന്ധുത്വത്തെ 2 ആയി തരം തിരിക്കുന്നു.

**(1) സഗോത്ര ബന്ധുത്വം** – രക്തബന്ധം വഴിയുള്ള ബന്ധുക്കൾ

**(2) വൈവാഹിക ബന്ധുത്വം** – വിവാഹം വഴിയുണ്ടാകുന്ന ബന്ധുക്കൾ.

- **ദിശാകുടംബം (Family of orientation) –** ജനിച്ച കുടുംബം
- **പുനരുല്പാദന കുടുംബം (Family of Procreation) –** വിവാഹം ചെയ്തയക്കുന്ന കുടും ബം.

**VI. മതം (Religion)**

മതത്തിന്റെ സമൂഹശാസ്ത്രപഠനം മതപരവും ദൈവശാസ്ത്രപരവുമായ പഠനങ്ങളിൽ നിന്ന് പല വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. എല്ലാ അറിയപ്പെടുന്ന സമൂഹങ്ങളിലും മതം നിലനിൽക്കുന്നു. മതപരമായ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും സംസ്കാരങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

**മതങ്ങളുടെ പൊതുവായ സവിശേഷതകൾ (The Common Features of Religion)**

1. ആദരവും ഭയഭക്തിയും ഉണർത്തുന്ന ഒരു കൂട്ടം ചിഹ്നങ്ങൾ (A set of symbol, invoking feelings of reverence or awe)

2. ആചാരങ്ങൾ അഥവാ ചടങ്ങുകൾ (Rituals or ceremonies)

3. വിശ്വാസികളായ ഒരുകൂട്ടം ആളുകൾ (A community of Believers)

എമിൽ ദുർഖൈം: എല്ലാ സമൂഹങ്ങളിലും വിശുദ്ധമണ്ഡലത്തെ ലൗകിക മണ്ഡലത്തിൽ നിന്നും വേർതിരിക്കുന്നു. വിശുദ്ധ വസ്തുക്കൾ ഒരു പ്രകൃത്യാതീത ശക്തിയെ ഉൾക്കൊള്ളുന്നതായി വിശ്വസിക്കുന്നു. മതത്തിന് സാമ്പത്തിക വികസനത്തിൽ സ്വാധീനമുണ്ടെന്ന് വെബർ വാദിക്കുന്നു. സാമൂഹിക ശക്തികൾ മതസ്ഥാപനങ്ങളെ സ്വാധീനിക്കുന്നു. മതത്തിന് സമൂഹത്തിന്റെ മറ്റു ഭാഗങ്ങളുമായുള്ള പരസ്പരബന്ധങ്ങളെ തുറന്നുകാട്ടുക എന്നതാണ് സമൂഹശാസ്ത്രജ്ഞരുടെ ജോലി.

## VII - വിദ്യാഭ്യാസം (Education)

വിദ്യാഭ്യാസം ഒരു ആജീവനാന്ത പ്രക്രിയയാണ്. ഇത് ഔപചാരികമോ അനൗപചാരികമോ ആകാം. സംഘചൈതന്യം പകർന്നു നൽകാനുള്ള ഒരു വിനിമയ പ്രക്രിയയാണ് വിദ്യാഭ്യാസത്തെ സമൂഹശാസ്ത്രം കാണുന്നത്. ലളിത സമൂഹത്തിലെ വിദ്യാഭ്യാസവും ആധുനിക സങ്കീർണ്ണ സമൂഹത്തിലെ വിദ്യാഭ്യാസവും തമ്മിൽ ഗുണാത്മകമായ വ്യത്യാസങ്ങളുണ്ട്.

| | ലളിത സമൂഹം (Simple Society) | ആധുനിക സങ്കീർണ്ണ സമൂഹം (Complex Modern Societies) |
|---|---|---|
| 1 | അനൗപചാരിക വിദ്യാഭ്യാസം | ഔപചാരിക വിദ്യാഭ്യാസം |
| 2 | ആചാരവും ജീവിത രീതിയും പഠിക്കുന്നു | സവിശേഷ പഠനത്തിന്റെ വൈദഗ്ദ്യങ്ങൾ ആർജ്ജിക്കുന്നു. |
| 3 | കുടുംബം, ബന്ധുത്വം, ഗോത്രം, ജാതി, മതം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക മൂല്യങ്ങളെ ആശ്രയിക്കുന്നു. | ഐക്യരൂപം, ക്രമീകൃതമായ അഭിലാഷങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള സാർവ്വത്രിക മൂല്യങ്ങളെ ആശ്രയിക്കുന്നു. ഉദാ: സ്കൂൾ യൂണിഫോം നടപ്പിലാക്കുന്നത്. |

**നിർവ്വഹണവാദം (Functionalist View):** സാമൂഹിക ആവശ്യങ്ങളുടെയും സാമൂഹിക ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ വിലയിരുത്തുന്നു. വിദ്യാഭ്യാസം സാമൂഹ്യഘടനയെ നിലനിർത്തുകയും നവീകരിക്കുകയും ചെയ്യുന്നു. സംസ്കാരത്തെ പ്രസരിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികളുടെ ഭാവി രൂപപ്പെടുത്തുകയും അവരവരുടെ കഴിവിനൊത്ത പദവികൾ തെരഞ്ഞെടുക്കുന്നതിന് പശ്ചാത്തലമുണ്ടാക്കുകയും ചെയ്യുന്നു.

**സംഘട്ടനവാദം (Conflict View):** സമൂഹത്തെ ശ്രേണീകരിക്കുന്നതിനുള്ള ഒരു എജന്റായി വിദ്യാഭ്യാസം പ്രവർത്തിക്കുന്നു. വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളിലെ അസമത്വം സാമൂഹിക ശ്രേണീകരണത്തിന്റെ സൃഷ്ടിയാണ്.

# അധ്യായം 4

# സംസ്കാരവും സാമൂഹീകരണവും (CULTURE AND SOCIALISATION)

## ❖ സംസ്കാരം (Culture)

എഡ്വേഡ് ടൈലർ (ബ്രിട്ടീഷ് പണ്ഡിതൻ) (Edward Taylor) "സമൂഹത്തിലെ ഒരംഗമന്ന നിലയില്ഡ മനുഷ്യൻ ആർജ്ജിച്ച വിജ്ഞാനം, വിശ്വാസം, കല, സദാചാരങ്ങൾ, നിയമം, ആചാരം, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയുടെ സങ്കീർണ്ണമായ ആകെത്തുകയാണ് സംസ്കാരം അഥവാ നാഗരികത.''

## ❖ സംസ്കാരത്തിന്റെ മാനങ്ങൾ (Dimensions of Culture)

– സംസ്കാരത്തിന് 3 മാനങ്ങളുണ്ട്.

1. ജ്ഞാനാത്മകം (Cognitive)
2. നൈതികം (Normative)
3. ഭൗതികം (Material)

### 1. ജ്ഞാനാത്മകം (Cognitive)

നാം കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങളെക്കുറിച്ച് ഒരു അവബോധം സൃഷ്ടിച്ചുകൊണ്ട് അവയ്ക്ക് അർത്ഥമേകുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഉദാ: ഒരു മൊബൈൽ ഫോണിന്റെ റിംഗ് ടോൺ തിരിച്ചറിയുന്നത്, ഒരു രാഷ്ട്രീയനേതാവിനെക്കുറിച്ചുള്ള കാർട്ടൂൺ തിരിച്ചറിയുന്നത്.

### 2. നൈതികം (Normative)

ഇത് പെരുമാറ്റ നിയമങ്ങളെ സൂചിപ്പിക്കുന്നു. ഉദാ: അപരന്റെ കത്ത് തുറന്നു നോക്കാതിരിക്കുക, മരണവീട്ടിലെ പെരുമാറ്റരീതികൾ, ചടങ്ങുകൾ.

### 3. ഭൗതികം (Material)

ഭൗതിക വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും ഇതിൽ ഉൾപ്പെടുന്നു. ഉദാ: ഇന്റർനെറ്റ് ചാറ്റിങ്ങും, അരപ്പൊടികൊണ്ട് തറയിൽ കോലം വരയ്ക്കുന്നത്.

## ❖ സാംസ്കാരിക ചലന മാന്ദ്യം (Cultural Lag)

സംസ്കാരത്തിന് രണ്ട് തലങ്ങളുണ്ട്.–ഭൗതികവും ഭൗതികേതരവും. ഭൗതിക സംസ്കാരത്തിന്റെ തലങ്ങൾ (സാങ്കേതിക മാനങ്ങൾ) അതിവേഗം മാറുന്നു. എന്നാൽ ഭൗതികേതരതലങ്ങളിൽ വളരെ സാവധാനത്തിലാണ് മാറ്റങ്ങൾ സംഭവിക്കുന്നത്. സ്വാഭാവികമായും ഈ രണ്ടു തലങ്ങൾക്കിടയിൽ ഒരു വിടവ് ഉണ്ടാവുകയും ഭൗതികേതര മാറ്റങ്ങൾ വളരെ

സാവധാനത്തിലേക്കു പോകുന്ന അവസ്ഥയെ 'സാംസ്കാരിക ചലനമാന്ദ്യം' (Cultural Lag) എന്നു വിളിക്കുന്നു. ഉദാ: ആധുനിക വിദ്യാഭ്യാസം നമുക്ക് കിട്ടിയിട്ടും ഇപ്പോഴും തൊട്ടുകൂടായ്മ പോലെയുള്ള അനാചാരങ്ങളിൽ വിശ്വസിക്കുന്നത്.

- **സംസ്കാരവും സ്വത്വവും (Culture and Identity)**

സ്വത്വം പൈതൃകമായി ലഭിക്കുന്നതല്ല. വ്യക്തിയും സംഘവും അവരുടെ സ്വത്വം രൂപപ്പെടുത്തുന്നത് മറ്റുള്ളവരുമായുള്ള അവരുടെ ബന്ധങ്ങളിലൂടെയാണ്. ഒരു വ്യക്തിയുടെ സ്വത്വം അയാൾ വഹിക്കുന്ന സാമൂഹിക പങ്കിലൂടെ വെളിവാക്കപ്പെടുന്നു.

- **ഉപസംസ്കാരം (Sub Culture)**

ഒരു സംസ്കാരിത്തിൽ തന്നെ പല ഉപസംസ്കാരങ്ങളും ഉണ്ട്. ഉപസംസ്കാരങ്ങൾക്ക് അവയുടേതായ ശൈലി, അഭിരുചി, സംഘടന എന്നിവയുണ്ട്. അവരുടെ സംസാരരീതി, വസ്ത്രധാരണം, സംഗീതം, പെരുമാറ്റരീതി എന്നിവയിലൂടെ ഉപസംസ്കാരങ്ങളെ തിരിച്ചറിയാനാകും. ഉദാ: വരേണ്യവർഗ്ഗ സംസ്കാരം, യുവതൊഴിലാളി വർഗ്ഗ സംസ്കാരം.

- **വംശകേന്ദ്രാത്മുഖത (Ethnocentrism)**

സംസ്കാരങ്ങൾ തമ്മിൽ ബന്ധപ്പെടുമ്പോൾ മാത്രമാണ് വംശകേന്ദ്രാത്മുഖത ആവിർഭവിക്കുന്നത്. മറ്റു സംസ്കാരങ്ങളിലെ ജനങ്ങളുടെ വിശ്വാസങ്ങളെയും പെരുമാറ്റങ്ങളെയും സ്വന്തം സംസ്കാരത്തിന്റെ കാഴ്ചപ്പാടിൽ വിലയിരുത്തുന്നു. സ്വന്തം സംസ്കാരം മറ്റുള്ളവരുടെ സംസ്കാരത്തേക്കാൾ മുന്തിയതാണെന്ന ധാരണയാണ് ഈ സങ്കൽപത്തിന്റെ അടിസ്ഥാനം. സ്വന്തം വംശത്തിന്റെ സാംസ്കാരിക മേധാവിത്വത്തെ ഇത് ഉയർത്തിപ്പിടിക്കുന്നു.

- **സാർവ്വജനീനത (Cosmopolitanism)**

വംശകേന്ദ്രോത്മുഖതയുടെ നേർവിപരീതമാണ് സാർവ്വജനീനത. സാർവ്വജനീനതാവാദം മറ്റു സംസ്കാരങ്ങളുടെ വ്യത്യസ്തതകൾക്ക് വിലകൽപിക്കുന്നു. സാർവ്വജനീനമായ കാഴ്ചപ്പാടുള്ള ഒരു വ്യക്തി മറ്റുള്ളവരുടെ മൂല്യങ്ങളെയും വിശ്വാസങ്ങളെയും സ്വന്തം സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താറില്ല. സ്വന്തം സംസ്കാരത്തെ സമ്പുഷ്ടമാക്കുന്നതിന് സാംസ്കാരിക കൈമാറ്റത്തെയും കടം വാങ്ങലിനേയും അതു പ്രോത്സാഹിപ്പിക്കുന്നു. ഉദാ: ഇംഗ്ലീഷ് ഭാഷയെ ഇന്ത്യക്കാർ സ്വീകരിച്ചത്, ഹിന്ദി-മലയാളം പാട്ടുകളിൽ പാശ്ചാത്യ-പോപ്പ് സംഗീതത്തിന്റെ സ്വാധീനം.

- **സാംസ്കാരിക മാറ്റം (Cultural Change)**

സമൂഹങ്ങൾ അവയുടെ സംസ്കാരിക മാതൃകകളെ മാറ്റുന്ന രീതിയെയാണ് സാംസ്കാരിക മാറ്റം എന്നു പറയുന്നത്. സാംസ്കാരിക മാറ്റത്തിനുള്ള കാരണങ്ങൾ പലതാണ്.

1. പാരിസ്ഥിതിക മാറ്റങ്ങൾ
2. മറ്റു സംസ്കാരങ്ങളുമായുള്ള ബന്ധങ്ങൾ
3. ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങളുടെ പുരോഗതി

4. സാങ്കേതിക മുന്നേറ്റം
5. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധീനം
6. വിപ്ലവകരമായ മാറ്റങ്ങൾ (ഒരു സംസ്കാരത്തിന് ത്വരിതഗതിയിൽ മാറ്റമുണ്ടാകുമ്പോൾ, സമൂലമായ മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകുന്നു).

❖ **സാമൂഹീകരണം (Socialisation)**

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയയാണ് സാമൂഹീകരണം. മനുഷ്യന്റെ ജനനം മുതൽ മരണം വരെ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണിത്. നിസ്സഹായനായ ഒരു ശിശു ക്രമേണ സ്വയം ബോധവാനായിത്തീരുകയും സ്വന്തം സംസ്കാരത്തിന്റെ രീതികളിൽ നിപുണനായിത്തീരുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹീകരണം. മനുഷ്യനെ ഒരു സാമൂഹിക ജീവിയാക്കുന്നത് സാമൂഹീകരണമാണ്.

**സാമൂഹീകരണത്തിന്റെ ഘട്ടങ്ങൾ (Stages of Socialisation)**

1. **പ്രാഥമിക ഘട്ടം (Primary Stage)** – ജീവിതത്തിന്റെ ആരംഭഘട്ടം
2. **ദ്വിതീയ ഘട്ടം (Secondary)** – ഒരു വ്യക്തിയുടെ ജീവിതാവസാനം വരെ നീളുന്നു.

– സംഘങ്ങളുടെ വഴക്കങ്ങളും മനോഭാവങ്ങളും മൂല്യങ്ങളും പെരുമാറ്റ മാതൃകകളും പഠിക്കുന്ന പ്രക്രിയ ജീവിതാരംഭത്തിൽ തന്നെ തുടങ്ങുകയും ജീവിതാവസാനം വരെ തുടരുകയും ചെയ്യുന്നു.

**സാമൂഹീകരണത്തിന്റെ ഏജൻസികൾ (Agencies of Socialization)**

**1. കുടുംബം (Family)**

സാമൂഹീകരണ പ്രക്രിയ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. അതുകൊണ്ട് സാമൂഹീകരണത്തിന്റെ ആദ്യത്തെ ഏജൻസിയായി കുടുംബത്തെ പറയാം. മാതാപിതാക്കൾ, മുത്തച്ഛൻ, മുത്തശ്ശി, അമ്മാവന്മാർ തുടങ്ങിയ കുടുംബാംഗങ്ങൾ സാമൂഹീകരണത്തിൽ നിർണ്ണായകമാണ്.

**2. സമസംഘം (Peer Groups)**

കുട്ടികളുടെ സമപ്രായക്കാരായ സുഹൃദ്സംഘങ്ങളാണ് സമസംഘങ്ങൾ. ചെറിയ കുട്ടികൾക്കിടയിലുണ്ടാകുന്ന സുഹൃദ്ബന്ധങ്ങൾ സമത്വാധിഷ്ഠിതമായിരിക്കും സമപ്രായക്കാരുമായുള്ള ബന്ധം ഒരു വ്യക്തിയുടെ ജീവിതത്തിലുടനീളം വലിയ സ്വാധീനം ചെലുത്തുന്നു. അവ വ്യക്തികളുടെ സ്വഭാവം, ജീവിതശൈലി, മനോഭാവങ്ങൾ, പെരുമാറ്റങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിൽ അത് പ്രധാന പങ്കുവഹിക്കുന്നു.

**3. വിദ്യാലയങ്ങൾ (School)**

വിദ്യാലയങ്ങൾ സാമൂഹീകരണത്തിന്റെ ഏജൻസിയാണ്. വിദ്യാലയങ്ങളിൽ ഔപചാരിക പാഠ്യപദ്ധതിയോടൊപ്പം, കുട്ടികളുടെ പഠനത്തെ രൂപപ്പെടുത്തുന്ന മറഞ്ഞിരിക്കുന്ന പാഠ്യപദ്ധതിയുമുണ്ടെന്ന് സമൂഹശാസ്ത്രജ്ഞർ പറയുന്നു.

**4. ബഹുജനമാധ്യമം (Mass Media)**

ബഹുജനമാധ്യമം നമ്മുടെ ദൈനംദിനജീവിതത്തിന്റെ അവശ്യഘടകമായി മാറിക്കഴിഞ്ഞു. ടെലിവിഷൻ പോലെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങൾ ഇന്ന് വ്യാപകമാണ്. അച്ചടി മാധ്യമത്തിന്റെ പ്രാധാന്യവും വർദ്ധിച്ചിട്ടുണ്ട്. ബഹുജനമാധ്യമങ്ങൾ കുട്ടികളിലും യുവാക്കളിലും വലിയ സ്വാധീനം ചെലുത്തുന്നു.

**5. മറ്റു സാമൂഹീകരണ ഏജൻസികൾ (Other Socializing Agencies)**

വ്യക്തികൾ അവരുടെ ജീവിതത്തിലെ നല്ലൊരു പങ്കും ചിലവഴിക്കുന്ന മറ്റ് സാമൂഹിക പാശ്ചാത്തലങ്ങളുണ്ട്. മതം, നിയമങ്ങൾ, ആചാരങ്ങൾ, തൊഴിൽ മേഖലകൾ തുടങ്ങിയവയാണവ.

# അധ്യായം 5

# സമൂഹശാസ്ത്രപഠനം- ഗവേഷണരീതികൾ
## (RESEARCH METHODS IN SOCIOLOGY)

❖ **വസ്തുനിഷ്ഠതയും (Objectivity) ആത്മനിഷ്ഠതയും (Subjectivity)**

പക്ഷം ചേരാത്തും വസ്തുതകളെ മാത്രം അടിസ്ഥാനമാക്കിയതുമായ ഗവേഷണത്തെയാണ് വസ്തുനിഷ്ഠമായ ഗവേഷണം എന്നു പറയുന്നത്. പ്രകൃതി ശാസ്ത്രങ്ങളെ അപേക്ഷിച്ച് സമൂഹശാസ്ത്ര ഗവേഷണം വസ്തുനിഷ്ഠമാക്കാൻ പ്രയാസകരമാണ്. വസ്തുനിഷ്ഠതയുടെ വിപരീതമാണ് ആത്മനിഷ്ഠത. വ്യക്തിപരമായ മൂല്യങ്ങളുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലുള്ള ഗവേഷണത്തെയാണ് ആത്മനിഷ്ഠമായ ഗവേഷണം എന്നുപറയുന്നത്. സമൂഹശാസ്ത്ര ഗവേഷകന്റെ വികാരങ്ങളും താൽപര്യങ്ങളും അതിൽ പ്രതിഫലിപ്പിക്കപ്പെടുന്നു.

പക്ഷപാതം, സത്യത്തിന്റെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ, ബഹുമുഖ വീക്ഷണങ്ങൾ തുടങ്ങിയവ സമൂഹശാസ്ത്ര ഗവേഷണത്തിന്റെ വസ്തുനിഷ്ഠതയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഗവേഷണം വസ്തുനിഷ്ഠമാക്കുന്നതിന് സ്വയം-പ്രതിഫലനം സഹായിക്കുന്നു. സമൂഹശാസ്ത്രജ്ഞൻ തന്നെയും തന്റെ ഗവേഷണത്തെയും മറ്റുള്ളവരുടെ കണ്ണിലൂടെ കാണാൻ ശ്രമിക്കുന്നു. ഈ തന്ത്രത്തെ സ്വയം-പ്രതിഫലനം എന്നുവിളിക്കുന്നു. ഗവേഷണത്തിലെ എല്ലാ പ്രവൃത്തികളും രേഖപ്പെടുത്തിവയ്ക്കുന്നതിനോടൊപ്പം (പ്രമാണവത്ക്കരണം), ഗവേഷകൻ തന്റെ സാമൂഹിക പശ്ചാത്തലം പ്രസ്താവിക്കുകയും ചെയ്യുന്നതിലൂടെ സമൂഹശാസ്ത്ര ഗവേഷണത്തിൽ വസ്തുനിഷ്ഠത കൈവരിക്കാം.

❖ **ബഹുവിധ ഗവേഷണരീതികളും അവയുടെ തെരഞ്ഞെടുക്കലും (Multiple Methods and Choice of Methods)**

സമൂഹശാസ്ത്രഗവേഷണത്തിൽ ബഹുവിധ ഗവേഷണരീതികളുണ്ട്. പലതരത്തിലുള്ള ഗവേഷണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അതിന്റെ സവിശേഷ സ്വഭാവം അനുസരിച്ച് വ്യത്യസ്ത രീതികളാണ് സമൂഹശാസ്ത്ര ഗവേഷകർ സ്വീകരിക്കുന്നത്. ഓരോ രീതിയ്ക്കും അതിന്റേതായ മേന്മകളും ന്യൂനതകളുമുണ്ട്. ഗവേഷണത്തിനായി തിരഞ്ഞെടുത്തിട്ടുള്ള രീതി ഉചിതവും വിഷയത്തിന് ഉതകുന്നതുമായിരിക്കണം. ഉദാ : ഇന്ത്യയിൽ ഏറെയും നില നിൽക്കുന്നത് കൂട്ടുകുടുംബങ്ങളാണോ എന്ന് കണ്ടുപിടിക്കാൻ സെൻസസ് അഥവാ സർവ്വേ യാണ് ഉചിതമായ രീതി. എന്നാൽ കൂട്ടുകുടുംബങ്ങളിലേയും അണുകുടുംബങ്ങളിലേയും സ്ത്രീകളുടെ പദവികൾ താരതമ്യം ചെയ്യുന്നതിന് അഭിമുഖം, കേസ് സ്റ്റഡി, പങ്കാളിത്ത നിരീ ക്ഷണം എന്നിവയാണ് ഉചിതമായ രീതികൾ.

**വ്യത്യസ്തമായ മാർഗ്ഗങ്ങളിലൂടെ ഗവേഷണരീതികളെ വർഗ്ഗീകരിക്കാം (Different Ways to Classify Various Research Methods)**

1. **പരിമാണാത്മക രീതി, ഗുണാത്മക രീതി (Quantitative and qualitative methods)**

**പരിമാണാത്മക രീതി –** എണ്ണാവുന്നതും അളക്കാവുന്നതുമായ (അനുപാതം, ശരാശരി തുടങ്ങിയവ) വിഭേദങ്ങളെയാണ് പരിമാണാത്മക രീതി കൈകാര്യം ചെയ്യുന്നത്.

**ഗുണാത്മക രീതി –** മനോഭാവങ്ങൾ, വികാരങ്ങൾ തുടങ്ങിയ അമൂർത്തവും അളന്നു തിട്ടപ്പെടുത്താനാവാത്തുതമായ പ്രതിഭാസങ്ങളെ കൈകാര്യം ചെയ്യപ്പെടുന്ന രീതി.

**3. പ്രാഥമികവും ദ്വിതീയവുമായ ദത്തങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗവേഷണരീതികൾ (Methods of Primary and Secondary data)**

പുതിയതും മൗലികവുമായ ദത്തങ്ങളാണ് പ്രാഥമിക ദത്തങ്ങൾ. അഭിമുഖങ്ങൾ, സർവ്വേ തുടങ്ങിയവ പാഥമിക ദത്തങ്ങൾ സൃഷ്ടിക്കുന്നു. മുമ്പേ തന്നെ നിലനിൽക്കുന്ന ദത്തങ്ങളാണ് ദ്വിതീയദത്തങ്ങൾ. ഉദാ: പ്രമാണങ്ങൾ, രേഖകൾ, മനുഷ്യനിർമ്മിതമായ ഉപകരണങ്ങൾ. ചരിത്രപരമായ ഗവേഷണരീതികൾ രേഖാലയങ്ങളിലെ ദ്വിതീയ വസ്തുതകളെയാണ് ആശ്രയിക്കുന്നത്.

**4. സൂക്ഷ്മ, സ്ഥൂല രീതികൾ (Micro and Macro Methods)**

**സൂക്ഷ്മരീതി (Micro Method) –** ഒരു ചെറിയ ചുറ്റുപാടിൽ നാമമാത്ര പ്രതികർത്താക്കൾക്കിടയിൽ ഒരു ഗവേഷകന് അവലംബിക്കാവുന്ന രീതികൾ. ഉദാ: അഭിമുഖം, പങ്കാളിത്ത നിരീക്ഷണം

**സ്ഥൂല രീതി (Macro Method)–** നിരവധി അന്വേഷകരും പ്രതികർത്താക്കളും ഉൾപ്പെടുന്ന വലിയതോതിലുള്ള ഗവേഷണത്തിനുപയോഗിക്കുന്ന രീതി. ഉദാ: സർവ്വേ, ചരിത്രപരമായ രീതികൾ

❖ **ത്രികോണമാപനം (Triangulation)**

ഗവേഷണഫലത്തെ കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടി ഒന്നിലധികം ഗവേഷണരീതികൾ ഉപയോഗിച്ച് ഒരു പ്രശ്നത്തെ വ്യത്യസ്ത കോണുകളിലൂടെ വീക്ഷിക്കുന്നതിനെയാണ് ത്രികോണമാപനം എന്നു പറയുന്നത്.

❖ **പങ്കാളിത്ത നിരീക്ഷണം (Participant Observation)**

പഠനവിധേയമാക്കപ്പെടുന്ന ജനങ്ങളിൽ ഒരാളായി ദീർഘകാലം അവരോടൊപ്പം ജീവിച്ചുകൊണ്ട് അവരുടെ ദൈനംദിന ജീവിതവും സംസ്കാരവും നിരീക്ഷിച്ച് പഠിയ്ക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം. ജനങ്ങൾ ജീവിക്കുന്ന ഇടങ്ങളിൽ പോയി പഠിക്കുന്നതുകൊണ്ട് പങ്കാളിത്ത നിരീക്ഷണത്തെ ഫീൽഡ്‌വർക്ക് എന്നും പറയാറുണ്ട്.

ആഴത്തിലുള്ള പഠനം സാധ്യമാണെന്നതും തുടക്കത്തിൽ സംഭവിക്കുന്ന പിഴവുകൾ തിരുത്താൻ സമയം ലഭിക്കുന്നു എന്നതും പങ്കാളിത്ത നിരീക്ഷണത്തിന്റെ ഗുണങ്ങളാണ്. ദീർഘകാലം ആവശ്യമാണെന്നതും സാമാന്യവൽക്കരണം സാധ്യമല്ല എന്നതും ഇതിന്റെ പരിമിതികളാണ്.

## ❖ സമൂഹ നരവംശശാസ്ത്രത്തിലെ ഫീൽഡ്‌വർക്ക് (Field Work in Social Anthropology)

പോളണ്ടിലെ നരവംശശാസ്ത്രജ്ഞനായ ബ്രോണിസ്ലോ മലിനോവ്സ്കിയാണ് ആദ്യമായി ഫീൽഡ്‌വർക്കിനെ സമൂഹ നരവംശശാസ്ത്രത്തിലെ ഗവേഷണരീതിയായി പരിചയപ്പെടുത്തിയത്. ദക്ഷിണ പസഫിക്കിലെ ട്രോബിയാന്റ് ദ്വീപുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗത്തോടൊപ്പം ഒന്നരവർഷം താമസിച്ച് അവരുടെ സാമൂഹ്യ ജീവിതത്തെ നിരീക്ഷിച്ച് ഗോത്ര സംസ്കാരത്തെക്കുറിച്ച് അദ്ദേഹം ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. സമൂഹ നരവംശശാസ്ത്രജ്ഞർ നടത്തുന്ന ഫീൽഡ്‌വർക്കിലെ പ്രധാനഘട്ടങ്ങൾ

1. പഠനവിധേയമാക്കുന്ന ജനങ്ങളുടെ ലിംഗം, പ്രായം, കുടുംബം തുടങ്ങിയ കാര്യങ്ങളുടെ വിശദാംശങ്ങളുൾക്കൊള്ളുന്ന ഒരു സെൻസെസ് നടത്തുന്നു.

2. ഗ്രാമത്തിന്റെ രൂപരേഖയും ജനങ്ങളുടെ വീടുകളും സാമൂഹിക പ്രാധാന്യമുള്ള ഇടങ്ങളും കാണിക്കുന്ന ഒരു മാപ്പ് ഇതനുസരിച്ച് തയ്യാറാക്കുന്നു.

3. സെൻസസിൽ നിന്ന് ലഭിച്ച് വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ വംശപരമ്പരയുടെ ഒരു രൂപരേഖ നിർമ്മിക്കുന്നു.

4. വംശപരമ്പരയിൽ കുടുംബാംഗങ്ങളുടെ തുടർച്ച കാണിക്കുന്ന ഒരു കുടുംബ വൃക്ഷവും ഉൾപ്പെടുന്നു. സമുദായത്തിന്റെ ബന്ധുത്വ വ്യവസ്ഥയെ മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

5. നരവംശശാസ്ത്രജ്ഞൻ ജനങ്ങളുടെ ഭാഷ പഠിച്ചതിനുശേഷം അവരുടെ ആഘോഷങ്ങൾ, മതപരമായ ചടങ്ങുകൾ ഉപജീവനമാർഗ്ഗങ്ങൾ, കുടുംബബന്ധങ്ങൾ, സന്താനപരിപാലന രീതികൾ തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊണ്ടുള്ള കുറിപ്പുകൾ ഒരു ഡയറിപോലെ എല്ലാ ദിവസവും എഴുതുന്നു. വിവര ങ്ങൾ ശേഖരിക്കുന്നതിന് നരവംശശാസ്ത്രജ്ഞർ ആ സമുദായത്തിലെ ചില പ്രത്യേക വ്യക്തി കളെ ആശ്രയിക്കുന്നു. ഇവരെ വിവരദാതാക്കൾ അഥവാ മുഖ്യ വിവാരദാതാക്കൾ എന്നു വിളിക്കുന്നു.

## ❖ സമൂഹശാസ്ത്രത്തിലെ ഫീൽഡ്‌വർക്ക് (Field Work in Sociology)

സമൂഹശാസ്ത്രജ്ഞനായ വില്യം ഫൂട്ട്വൈറ്റ് അമേരിക്കൻ ചേരിയിലെ ദരിദ്രരും തൊഴിൽരഹിതരുമായ യുവാക്കളോടൊപ്പം മൂന്നര വർഷത്തോളം സമയം ചെലവഴിച്ച് അവരുരടെ ജീവിതരീതികൾ നിരീക്ഷിക്കുകയും 'സ്ട്രീറ്റ് കോർണർ സൊസൈറ്റി' എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തു. അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ മൈക്കിൾ ബുരാവെ ഷിക്കാഗോയിലെ ഒരു ഫാക്ടറിയിൽ തൊഴിലാളികളോടൊപ്പം ജോലിചെയ്ത് അവരുടെ അനുഭവങ്ങൾ നിരീക്ഷിച്ച് പഠിച്ചു.

ഇന്ന് സമൂഹശാസ്ത്രത്തിൽ നടക്കുന്ന ഫീൽഡ്‌വർക്കുകൾ കൂടുതലും ഗ്രാമപഠനങ്ങളാണ്. ഗ്രാമപഠനങ്ങൾക്ക് ഉദാഹരണമാണ് എം.എൻ.ശ്രീനിവാസന്റെ "റിമമ്പേർഡ് വില്ലേജ്", എസ്.സി.ദുബെയുടെ " ഇന്ത്യൻ വില്ലേജ്" എന്നീ പുസ്തകങ്ങൾ. സമൂഹശാസ്ത്രത്തിലെ ഫീൽഡ്‌വർക്കിന് സമൂഹ നരവംശശാസ്ത്രത്തിലെ അപേക്ഷിച്ച് താഴെ പറുയുന്ന വ്യത്യാസങ്ങളുണ്ട്.

| സമൂഹനരവംശശാസ്ത്രം | സമൂഹശാസ്ത്രം |
|---|---|
| ദൂരെ ദിക്കുകളിൽ താമസിക്കുന്ന അപരിഷ്കൃതരായ ഗോത്രവർഗ്ഗത്തെ പഠിക്കുന്നു. | എല്ലാ വിധ സമുദായങ്ങളെയും പഠിക്കുന്നു |
| പഠനവിധേയമാക്കപ്പെടുന്ന സമുദായ്ത്തോടൊപ്പം ജീവിക്കുന്നു. | പഠനവിധേയമാക്കപ്പെടുന്നവരോടൊപ്പം സമയം ചിലവഴിക്കുന്നു. |
| പഠനവിധേയമാക്കപ്പെടുന്നവർ നിരക്ഷരരായതുകൊണ്ട് ഗവേഷകൻ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ അവർക്ക് മനസ്സിലാക്കാൻ സാധ്യമല്ല | പഠനവിധേയമാക്കപ്പെടുന്നവർ സാക്ഷരരായതുകൊണ്ട് ഗവേഷകൻ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ അവർക്ക് മനസ്സിലാകുന്നതിനാൽ കൂടുതൽ ശ്രദ്ധ പുലർത്തണം. |

❖ **സർവ്വേ (Survey)**

ഒരു വലിയ ജനവിഭാഗത്തെക്കുറിച്ച് കുറഞ്ഞ സമയംകൊണ്ട് ഏകദേശ ചിത്രം ലഭ്യമാക്കാൻ സഹായിക്കുന്ന ഗവേഷണരീതിയാണ് സർവ്വേ. സാമ്പിൾ സർവ്വേകൾ ഇന്ന് വ്യാപകമായി നടത്താറുണ്ട്. ഒരു സംഘത്തിന്റെ മൊത്തം സ്വഭാവത്തെ പ്രതിനിധീകരിക്കാനുതകുന്ന ഏതാനും വ്യക്തികളെ മാത്രം എടുത്തു പഠിച്ചുകൊണ്ട് അതിലൂടെ ലഭ്യമാകുന്ന നിഗമനങ്ങളെ വലിയ ജനസംഖ്യയിലേക്ക് സാമാന്യവൽക്കരിക്കാൻ സഹായിക്കുന്നതാണ് സാമ്പിൾ സർവ്വേ. പഠനവിധേയമാക്കുന്ന മൊത്തം ഗ്രൂപ്പിനെ സമഷ്ടി അഥവാ ജനസംഖ്യാ എന്നും പറയുന്നു.പ്രാതിനിധ്യമുള്ള ചെറിയ ഗ്രൂപ്പിനെ സാമ്പിൾ അഥവാ പ്രതിരൂപം എന്നും പറയുന്നു. യാദൃശ്ചികവത്കരണം, സ്ഥരിതവത്ക്കരണം എന്നീതത്വങ്ങൾ പാലിച്ചാണ് സാമ്പിളുകളെ തെരഞ്ഞെടുക്കാറുള്ളത്.

**1. സ്തരിത സാമ്പ്ളിങ്ങ് (Stratified Sampling)**

സാമ്പിൾ എടുക്കേണ്ട ജനസംഖ്യയെ വർഗ്ഗം, ജാതി, മതം, ലിംഗം, വയസ്സ് എന്നിവ യുടെ അടിസ്ഥാനത്തിൽ തട്ടുകളായി തരം തിരിച്ച് സാമ്പിളുകൾ തിരഞ്ഞെടുക്കുന്നു.

**2. യാദൃശ്ചിക സാമ്പ്ളിങ് (Random Sampling)**

വ്യക്തി, ഗ്രാമം, ഗൃഹം തുടങ്ങിയ യൂണിറ്റുകളിൽ നിന്ന് ആകസ്മികതയെ മാത്രം അടി സ്ഥാനമാക്കി സാമ്പിൾ തിരഞ്ഞെടുക്കുന്ന രീതി. ഉദാ: ഒരു നാണയം ടോസ്സ് ചെയ്താൽ ഇരു വശങ്ങളിലൊന്ന് മുകളിൽ വരുന്നതിനുള്ള സാധ്യത തുല്യമാണ്.

**സാമ്പ്ളിങ് പിശകുകൾ/പ്രതിരൂപ പിശക് (Non-Sampling Errors)**

സാമ്പിളിന്റെ സവിശേഷതകൾക്ക് അവ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനസംഖ്യയുടെ സവിശേഷതകളുമായി വളരെ അടുത്ത സാമ്യമുണ്ടായിരിക്കണം. ചെറിയ വ്യത്യാസങ്ങൾ കണ്ടേക്കാം. ഇതാണ് സാമ്പ്ളിങ് പിശക്/പിഴവിലൂടെ വരുന്ന വ്യത്യാസങ്ങൾ. ഒരു വലിയ ജന സംഖ്യയെ പ്രതിനിധീകരിക്കാൻ ചെറിയ സാമ്പിൾ ഉപയോഗിക്കുന്നത് കൊണ്ടാണ് ഇത് സംഭ വിക്കുന്നത്.

**സാമ്പ്ളിങ്ങേതര പിശകുകൾ/പ്രതിരൂപേതര പിശക് (Non-Sampling Errors)**

സാമ്പ്ളിങ് സർവ്വേയിൽ വ്യക്തിപരവും പ്രകോപനപരവുമായ ചോദ്യങ്ങൾ ചോദിച്ചാൽ പ്രതികരിക്കുന്നവർ സത്യസന്ധമായ ഉത്തരങ്ങൾ നൽകില്ല. പകരം അവർ സുരക്ഷിതമെന്ന് തോന്നുന്ന ഉത്തരങ്ങൾ നൽകുകയും ചെയ്യും.

കുറഞ്ഞസമയം കൊണ്ട് കൂടുതൽ പേരിൽ നിന്ന് വിവരം ശേഖരിക്കാമെന്നതും സാമാന്യവൽക്കരണം സാധ്യമാണ് എന്നതും സർവ്വേയുടെ ഗുണങ്ങളാണ്. ആഴത്തിലുള്ള വിവരങ്ങൾ ലഭിക്കില്ല എന്നതാണ് സർവ്വേയുടെ പരിമിതി.

❖ **അഭിമുഖം**

മുഖാമുഖ സംഭാഷണത്തിലൂടെ വിവരം ശേഖരിക്കുന്ന ഗവേഷണരീതിയാണ് അഭിമുഖം. ഇത് രണ്ടു തരത്തിലുണ്ട്. ചിട്ടപ്പെടുത്തിയതും (Structured) ചിട്ടപ്പെടുത്താത്തതും (Unstructured). അഭിമുഖത്തിൽ ചോദിക്കേണ്ട ചോദ്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുകയും ക്രമമനുസരിച്ച് അവ ചോദിച്ച് വിവരം ശേഖരിക്കുകയും ചെയ്യുന്ന ഔപചാരിക രീതിയാണ് ചിട്ടപ്പെടുത്തിയ അഭിമുഖം. ചോദ്യങ്ങൾ മുൻകൂട്ടി തയ്യാറാക്കാതെ സന്ദർഭമനുസരിച്ച് ചോദിച്ച് വിവരം ശേഖരിക്കുന്ന അനൗപചാരിക രീതിയാണ് ചിട്ടപ്പെടുത്താത്ത അഭിമുഖം.

# അധ്യായം 6

# സാമൂഹിക ഘടന, ശ്രേണീകരണം, സമൂഹത്തിലെ സാമൂഹിക പ്രക്രിയകൾ

## (SOCIAL STRUCTURE, STRATIFICATION AND SOCIAL PROCESSES IN SOCIETY)

### ❖ സാമൂഹിക ഘടന (Social Structure)

സാമൂഹിക ചുറ്റുപാട് കൃത്യമായ നിയന്ത്രണത്തിനും രീതികൾക്കുമനുസരിച്ചുള്ള ക്രമ ബന്ധിതമായ പെരുമാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈ ക്രമങ്ങളെയാണ് സാമൂഹിക ഘടന എന്നുപറയുന്നത്. മനുഷ്യന്റെ പ്രവൃത്തികളും ബന്ധങ്ങളും പല കാലങ്ങളിലും സ്ഥലങ്ങളിലും ആവർത്തിക്കപ്പെടുമ്പോഴാണ് സാമൂഹിക ഘടന ഉണ്ടാവുന്നത്. അങ്ങനെ സാമൂഹിക ഘടന പുനർനിർമ്മിക്കപ്പെടുന്നു. സമൂഹം അതിലെ അംഗങ്ങളുടെ പ്രവൃത്തികളെ സാമൂഹികമായി നിയന്ത്രിക്കുന്നു. സഹകരണം എന്ന പ്രക്രിയ സാമൂഹിക പ്രത്യുൽപാദനത്തെ സഹായിക്കുന്നു. മത്സരം, സംഘർഷം എന്നീ പ്രക്രിയകളും സാമൂഹിക പ്രത്യുൽപാദനത്തെ നിർണ്ണയിക്കുന്നു

### ❖ സാമൂഹിക ശ്രേണീകരണം (Social Stratification)

സമൂഹത്തിലെ സംഘങ്ങൾക്കിടയിലുള്ള ഘടനാപരമായ അസമത്വമാണ് സാമൂഹിക ശ്രേണീകരണം. എല്ലാ സമൂഹങ്ങളിലും ഏതെങ്കിലും തരത്തിലുള്ള സാമൂഹിക ശ്രേണീകരണം കാണാം. വർഗ്ഗവിഭജനം, ജാതി, വംശം, മതം, സമുദായം, ഗോത്രം എന്നിവ സാമൂഹിക ശ്രേണീകരണത്തിന്റെ വിവിധ രൂപങ്ങളാണ്. സാമൂഹിക ശ്രേണീകരണം സാമൂഹിക ഘടനയുടെ ഭാഗമാണ്. ഇത് സാമൂഹിക ഘടനയിലെ അസമത്വത്തെയാണ് സൂചിപ്പിക്കുന്നത്. സാമൂഹിക ശ്രേണിയിലെ ഉയർന്ന പദവിയിലുള്ളവർ സാമൂഹികവും സാമ്പത്തികവുമായ വിഭവങ്ങൾ കൈവശപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നു. ഈ ഘടന തലമുറകളാക്കി നിലനിൽക്കുന്നു.

വിശേഷ അവകാശങ്ങളുള്ള സംഘങ്ങൾ താഴെ പറയുന്ന 3 അടിസ്ഥാനപരമായ ആനുകൂല്യങ്ങൾ അനുഭവിക്കുന്നു. (Basic Advantages)

**1. ജീവിതാവസരങ്ങൾ (Life Chances)**

– ഭൗതികമായ നേട്ടങ്ങൾ അവരുടെ ജീവിതനിലവാരം ഉയർത്തുന്നു. സമ്പത്ത്, വരുമാനം, ആരോഗ്യം, തൊഴിൽ സുരക്ഷ, വിനോദങ്ങൾ എന്നീ ഘടകങ്ങൾ അവരുടെ ഭൗതികജീവിത ഗുണമേന്മ വർദ്ധിപ്പിക്കുന്നു.

**2. സാമൂഹിക പദവി (Social Status)**

– മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ ഉയർന്ന അന്തസ്സും പദവിയും അവർ അനുഭവിക്കുന്നു.

**3. രാഷ്ട്രീയ സ്വാധീനം (Political influence)**

– മറ്റുഗ്രൂപ്പുകളുടെ മേൽ ആധിപത്യം സ്ഥാപിക്കാനും തീരുമാനമെടുക്കുന്നതിനെ സ്വാധീനിക്കാനും, തീരുമാനങ്ങളിൽ നിന്ന് മെച്ചമുണ്ടാക്കാനുമുള്ള കഴിവ്.

## ❖ സാമൂഹിക പ്രക്രിയകൾ (Social Processes)

### I. സഹകരണം (Cooperation)

അടിസ്ഥാനപരമായ ഒരു സാമൂഹിക പ്രക്രിയ. സഹകരണമില്ലാതെ സാമൂഹികജീവിതം അസാധ്യമാണ്. പൊതു താൽപര്യത്തനിനു വേണ്ടിയുള്ള കൂട്ടായ പ്രവർത്തനമാണിത്.

**എമിൽ ദുർഖൈം**: സാമൂഹിക ഐക്യദാർഢ്യം സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ്. തൊഴിൽ വിഭജനത്തിലൂടെ സഹകരണം നടപ്പാകുന്നു. തൊഴിൽ വിഭജനം സാമൂഹിക ആവശ്യങ്ങളെ പൂർത്തീകരിക്കുന്നു. അതത് സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹിക ഐക്യദാർഢ്യത്തിന്റെ സ്വാഭാവമനുസരിച്ച് പ്രാകൃതസമൂഹം, ആധുനികസമൂഹം എന്നിങ്ങനെ സമൂഹത്തെ തരംതിരിച്ചു. പ്രാകൃതസമൂഹം യാന്ത്രിക ഐക്യദാർഢ്യത്തിന്റെയും ആധുനികസമൂഹം ജൈവിക ഐക്യദാർഢ്യത്തിന്റെയും അടിസ്ഥാനത്തിലാണ് സംഘടിക്കപ്പെട്ടത്.

**കാറൽമാക്സ്**: മനുഷ്യനെ മൃഗങ്ങളിൽ നിന്നും വേർത്തിരിക്കുന്നത് ബോധനിലവാരമാണ്. ജീവതോപാധികൾ ഉല്പാദിപ്പിച്ചുകൊണ്ട് മനുഷ്യൻ ഭൗതിക ജീവിതം ഉണ്ടാക്കി. മനുഷ്യൻ സഹകരണത്തോട് പൊരുത്തപ്പെടുകയും ആ പ്രക്രിയയിലൂടെ സമൂഹത്തെ മാറ്റിമറിക്കുകയും ചെയ്തു. ഒരു വർഗ്ഗസമൂഹത്തിൽ സഹകരണം സ്വമേധയാ ഉണ്ടാകുകയില്ല. ബാഹ്യമായി നിലകൊള്ളുന്ന ഉൽപാദനശക്തിയുടെ ഫലമായി നിർബന്ധിതമായി സംഭവിക്കുന്ന പ്രക്രിയയാണ് സഹകരണം. തൊഴിൽ വിഭജനം സമൂഹത്തിൽ സഹകരണം രൂപപ്പെടുത്തുന്നു. അന്യവൽക്കരണം വഴി തൊഴിലാളികൾക്ക് തൊഴിലിന്മേലുള്ള നിയന്ത്രണം നഷ്ടമാകുന്നു.

### II. മത്സരം: ആശയവും, പ്രയോഗവും. (Competition as an Idea and Practice)

മത്സരം സാർവ്വത്രികവും സ്വഭാവികവുമായ പ്രക്രിയയാണ്. സമകാലിക സമൂഹത്തിൽ മത്സരം ഒരു പ്രധാന ആശയമാണ്. ആധുനിക സമൂഹം മത്സരത്തിന് പ്രാധാന്യം നൽകുന്നു. ആധുനിക സമൂഹങ്ങളിൽ വ്യക്തിവാദത്തിന്റെയും മത്സരത്തിന്റെയും വളർച്ച എമിൽ ദുർഖൈമും കാറൽമാക്സും ചൂണ്ടിക്കാണിക്കുന്നുണ്ട്. വ്യക്തിവാദവും മത്സരവും മുതലാളിത്ത സമൂഹവുമായി ബന്ധപ്പെട്ടുകൊണ്ടാണ് വികാസം പ്രാപിച്ചത്. കൂടുതൽ കാര്യക്ഷമതയ്ക്കും കൂടുതൽ ലാഭത്തിനുമാണ് മുതലാളിത്തം ഊന്നൽ നൽകുന്നത്.

**മുതലാളിത്തത്തിന്റെ പ്രധാന സങ്കൽപങ്ങൾ (The Important Assumptions of Capitalism)**

1. വ്യാപാരത്തിന്റെ വികസനം (Expansion of trade)
2. തൊഴിൽ വിഭജനം (Division of labour)
3. വൈദഗ്ധ്യവൽക്കരണം (Specialization)
4. ഉൽപാദനം വർദ്ധിപ്പിക്കൽ (Rising Productivity)

മുതലാളിത്തത്തിന്റെ ഈ പ്രക്രിയകൾക്കെല്ലാം ഇന്ധനമേകുന്നത് മത്സരമാണ്. കൂടുതൽ കാര്യക്ഷമമായ രീതിയിലാണ് വിപണി പ്രവർത്തിക്കുന്നതെന്ന് മത്സരം ഉറപ്പ് വരുത്തുന്നു.

### III. സംഘർഷം (Conflict)

വ്യത്യസ്തങ്ങളായ താൽപര്യങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് സംഘർഷം. വിഭവങ്ങളുടെ ദൗർലഭ്യമാണ് സംഘർഷത്തിലേക്ക് നയിക്കുന്നതെന്ന് സംഘട്ടനവാദികൾ വിശ്വസിക്കുന്നു. വർഗ്ഗം, ജാതി, ഗോത്രം, ലിംഗം, വംശീയത, മതം, എന്നിവ സംഘർഷത്തിനുള്ള വിവിധങ്ങളായ കാരണങ്ങളാണ്. സംഘർഷം എല്ലാ കാലത്തും സമൂഹത്തിന്റെ ഭാഗമായിരുന്നു. സാമൂഹികമാറ്റവും ചിലപ്പോഴൊക്കെ സംഘർഷങ്ങൾക്ക് കാരണമാകുന്നു. സാമൂഹിക വികസനത്തിന്റെ വിവിധഘട്ടങ്ങളിൽ സംഘർഷത്തിന്റെ രൂപത്തിലും പ്രകൃതത്തിലും മാറ്റമുണ്ടായിട്ടുണ്ട്. പുറമേ പ്രകടമാകുമ്പോൾ മാത്രമേ സംഘർഷം വ്യക്തമാക്കപ്പെടുന്നുള്ളു.

# അധ്യായം 7

## ഗ്രാമീണ-നാഗരിക സമൂഹങ്ങളിലെ സാമൂഹിക മാറ്റവും സാമൂഹിക ക്രമവും
## (SOCIAL CHANGE AND SOCIAL ORDER IN RURAL AND URBAN SOCIETY)

### ❖ സാമൂഹിക മാറ്റം

സമൂഹത്തിലുണ്ടാകുന്ന ഏതൊരു മാറ്റവും സാമൂഹിക മാറ്റമാണ്. പ്രബലമായ മാറ്റങ്ങൾ. അടിസ്ഥാനാപരമായ പരിവർത്തനങ്ങൾ കൊണ്ടുവരുന്ന വലിയ മാറ്റങ്ങൾ. തീവ്രവും വ്യാപകവുമായ മാറ്റങ്ങൾ. സമൂഹത്തിൽ വലിയ സ്വാധീനമുണ്ടാക്കുന്ന മാറ്റങ്ങൾ.

സാമൂഹിക മാറ്റത്തെ അതിന്റെ സ്വഭാവം/സമൂഹത്തിലുള്ള സ്വാധീനം/മാറ്റത്തിന്റെ വേഗം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാം.

### 1. പരിണാമപരമായ മാറ്റങ്ങൾ (Evolutionary Changes)

ദീർഘകാലം കൊണ്ടുണ്ടാകുന്നതും സാവധാനത്തിൽ സംഭവിക്കുന്നതുമായ മാറ്റം. ജീവവർഗ്ഗങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള ചാൾസ് ഡാർവ്വിന്റെ സിദ്ധാന്തത്തോടെയാണ് പരിണാമം എന്ന പദം പ്രസിദ്ധമായത്. സജ്ജമായവരുടെ അതിജീവനത്തിന് ഡാർവിന്റെ സിദ്ധാന്തം ഊന്നൽ നൽകി. ഡാർവിന്റെ പരിണാമസിദ്ധാന്തം സാമൂഹിക സാഹചര്യങ്ങളിലെ മാറ്റങ്ങൾ വിലയിരുത്തുന്നതിനായി ഉപയോഗിക്കപ്പെട്ടു (സാമൂഹിക ഡാർവിനിസം). ഹെർബർട്ട് സ്പെൻസർ ആണ് സമൂഹശാസ്ത്രത്തിൽ ഈ പദം ഉപയോഗിച്ചത്.

### 2. വിപ്ലവകരമായ മാറ്റങ്ങൾ (Revolutionary Changes)

വേഗത്തിലും പെട്ടെന്നുമുണ്ടാകുന്ന മാറ്റങ്ങൾ. ഇത് പ്രധാനമായും രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ഉപയോഗിക്കുന്നത്. ഭരണവർഗ്ഗത്തെ എതിരാളികൾ അട്ടിമറിച്ച് സമൂഹത്തിൽ അധികാരഘടനയിൽ അതിവേഗത്തിൽ മാറ്റങ്ങളാണിത്. ഉദാ:- 1789-ലെ ഫ്രഞ്ച് വിപ്ലവം, 1917-ലെ റഷ്യൻ വിപ്ലവം. വ്യാവസായിക വിപ്ലവം, വാർത്താവിനിമയ വിപ്ലവം തുടങ്ങിയവയെക്കൂടി സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കുന്നു.

### 3. ഘടനാപരമായ മാറ്റങ്ങൾ (Structural Changes)

സമൂഹത്തിന്റെ ഘടനയിലുണ്ടാകുന്ന പരിവർത്തനങ്ങൾ. ഇത് സമൂഹത്തിലെ സ്ഥാപനങ്ങളിലും അവയെ നിയന്ത്രിക്കുന്ന ചട്ടങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കുന്നു. ഉദാ:-കടലാസുപണത്തിന്റെ ആവിർഭാവം സാമ്പത്തിക വിപണികളിലും ഇടപാടുകളിലും ഘടനാപരമായ മാറ്റമുണ്ടാക്കി.

### 4. മൂല്യങ്ങളിലെയും വിശ്വാസങ്ങളിലെയും മാറ്റങ്ങൾ (Changes in Values and Beliefs)

മൂല്യങ്ങളിലും വിശ്വാസങ്ങളിലുമുള്ള മാറ്റം സാമൂഹികമാറ്റത്തിലേക്ക് നയിച്ചു. ഉദാ:-കുട്ടികളെക്കുറിച്ചും ബാല്യത്തെക്കുറിച്ചുമുള്ള ആശയങ്ങളിലും വിശ്വാസങ്ങളിലും വന്ന മാറ്റങ്ങൾ.

സാമൂഹിക മാറ്റങ്ങളെ അവയുടെ കാരണങ്ങൾ, സ്രോതസ്സുകൾ എന്നിവയുടെ അടിസ്ഥാനത്തിലും തരം തിരിക്കാറുണ്ട്. കാരണങ്ങൾ ആന്തരികമോ ബാഹ്യമോ ആവാം.

1. പാരിസ്ഥിതിക കാരണങ്ങൾ
2. സാങ്കേതിക-സാമ്പത്തിക കാരണങ്ങൾ
3. രാഷ്ട്രീയ കാരണങ്ങൾ
4. സാംസ്കാരിക കാരണങ്ങൾ

**1. പാരിസ്ഥിതിക കാരണങ്ങൾ (Environmental Causes/ Sources)**

പ്രകൃതിയും പരിസ്ഥിതിയും സമൂഹത്തിന്റെ ഘടനയിലും രൂപത്തിലും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. സാങ്കേതികവിദ്യയുടെ വളർച്ച പ്രകൃതിയിലും പ്രകൃതിയുമായുള്ള നമ്മുടെ ബന്ധങ്ങളിലും മാറ്റങ്ങൾ വരുത്തി. ഭൂചലനങ്ങൾ, അഗ്നിപർവത സ്ഫോടനങ്ങൾ, പ്രളയം, സുനാമി തുടങ്ങിയ പാരിസ്തിതിക അത്യാഹിതങ്ങൾ സമൂഹങ്ങളിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. പാരിസ്ഥിതിക ഘടകങ്ങൾ നശീകരണം മാത്രമല്ല, നിർമ്മാണാത്മകവുമാണ്. ഉദാ:- പശ്ചിമേഷ്യയിലെ മരുപ്രദേശങ്ങളിലെ എണ്ണയുടെ കണ്ടുപിടുത്തം, 19-ാം നൂറ്റാണ്ടിൽ കാലിഫോർണിയയിൽ സ്വർണ്ണം കണ്ടെത്തിയത്

**2. സാങ്കേതികവിദ്യയും സമ്പദ്ഘടനയും (Technology and Economy)**

വിപണിയിൽ സാങ്കേതികവിദ്യ ചേർന്നപ്പോൾ സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. ഉദാ:- വ്യാവസായിക വിപ്ലവം. റെയിൽവെ, ആവിക്കപ്പൽ, വെടിമരുന്ന്, തുണിവ്യവസായം, കടലാസിന്റെ കണ്ടുപിടുത്തം തുടങ്ങിയവ സമൂഹത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കി. പ്രത്യക്ഷമായി സാങ്കേതികമല്ലാത്ത സമ്പദ്ഘടനയിലെ മാറ്റങ്ങൾ ചിലപ്പോൾ സമൂഹത്തെ മാറ്റാറുണ്ട്. ഉദാ:- തോട്ടകൃഷി.

**3. രാഷ്ട്രീയ കാരണങ്ങൾ (Political Causes)**

രാഷ്ട്രീയ ശക്തികൾ സാമൂഹികമാറ്റത്തിന്റെ പ്രധാനകാരണങ്ങളാണ്. ഉദാ:- യുദ്ധങ്ങൾ സമൂഹങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്ക ജപ്പാന്റെ മേൽ വിജയം നേടുകയും ഭൂപരിഷ്കരണം ഉൾപ്പെടെയുള്ള നിരവധി മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തു. രാഷ്ട്രീയമാറ്റങ്ങൾ ദേശീയതലത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. ഉദാ:- ബ്രിട്ടീഷ് ഭരണം ഇന്ത്യൻ സമൂഹത്തിൽ വലിയ മാറ്റങ്ങൾ വരുത്തി.

**4. സാംസ്കാരിക മാറ്റങ്ങൾ (Cultural Changes)**

ആശയങ്ങളിലും വിശ്വാസങ്ങളിലും വന്ന മാറ്റങ്ങൾ (സാംസ്കാരിക മാറ്റങ്ങൾ) സാമൂഹികജീവിതത്തിലും മാറ്റങ്ങളുണ്ടാക്കും. ഉദാ:- മതം. മാക്സ് വെബറുടെ The Protestant Ethics and the Spirit of Capitalism എന്ന ഗ്രന്ഥം ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിന്റെ മതവിശ്വാസങ്ങൾ എങ്ങനെ മുതലാളിത്ത വ്യവസ്ഥയുടെ ഉത്ഭവത്തിന് കാരണമായെന്ന് വിശകലനം ചെയ്യുന്നു.

❖ **സാമൂഹിക ക്രമം (Social Order)**

സുസ്ഥാപിതമായ സാമൂഹിക വ്യവസ്ഥകൾക്കുള്ളിലെ മാറ്റങ്ങളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള പ്രവണതയാണ് സാമൂഹികക്രമം. ശക്തവും പ്രായോഗികവുമായ ഒരു

സാമൂഹിക വ്യവസ്ഥ നിലനിൽക്കണമെങ്കിൽ അത് സുസ്ഥിരമായിരിക്കണം. സാമൂഹിക മാറ്റത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രധാനകാരണം സാമൂഹിക ശ്രേണീകരണമാണ്- ഉയർന്ന സ്ഥാനത്തിരിക്കുന്നവർ നിലവിലുള്ള സ്ഥിതി തുടരാനും അവശതയും കഷ്ടപ്പാടും അനുഭവിക്കുന്നവർ അവ മാറ്റാനും ശ്രമിക്കുന്നു. സാമൂഹിക ക്രമം രണ്ട് മാർഗ്ഗങ്ങളിലൂടെ സാധ്യമാവും.

1. ജനങ്ങൾ സ്വമേധയാ നിയമങ്ങളും വഴക്കങ്ങളും അനുസരിക്കുമ്പോൾ

2. നിയമങ്ങളും വഴക്കങ്ങളും അനുസരിക്കാൻ ജനങ്ങൾ നിർബന്ധിതരാവുമ്പോൾ

സാമൂഹീകരണ പ്രക്രിയയുടെ ഭാഗമായിട്ടാണ് ജനങ്ങൾ നിയമങ്ങളും വഴക്കങ്ങളും സ്വമേധയാ അനുസരിക്കുന്നത്. സ്ഥാപിതവൽക്കരിക്കപ്പെട്ട സാമൂഹിക മാനദണ്ഡങ്ങൾ വ്യക്തി കളും സ്ഥാപനങ്ങളും അനുസരിക്കുന്നത് ഉറപ്പിക്കാൻ ആധുനിക സമൂഹം ശക്തിയോ അധി കാരമോ ഉപയോഗിക്കുന്നു.

### ആധിപത്യം (Domination)

ശക്തി സുസ്ഥിരവും മറ്റുള്ളവർക്ക് അതിനോടുള്ള അനുസരണ ശീലമാവുകയും ചെയ്യു മ്പോൾ അതിനെ ആധിപത്യം എന്നു വിളിക്കുന്നു.

### അധികാരം (Authority)-

നിയമാനുസൃത ശക്തിയെ (Legitimate Power) മാക്സ് വെബർ അധികാരമെന്ന് നിർവ്വ ചിച്ചു.അധികാരം നീതിയുക്തവും ഉചിതവുമാണ്. നിയമാനുസൃത അധികാരത്തിന് ഉദാഹര ണം:- ഒരു പോലീസ് ഉദ്യോഗസ്ഥനോ ന്യായാധിപനോ, സ്കൂൾ അധ്യാപികയോ അവരുടെ തൊഴിലിന്റെ ഭാഗമായി വ്യത്യസ്ത അധികാരങ്ങൾ പ്രയോഗിക്കുന്നു. ഇത്തരം അധികാരങ്ങൾ അവരിൽ ഔദ്യോഗികമായി നിക്ഷിപ്തമാണ്. അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം ലിഖിത പ്രമാണങ്ങളാണ്.

### നിയമം (Law)

വ്യക്തമായി ക്രോഡീകരിച്ച ചട്ടങ്ങളെയാണ് നിയമം എന്ന് പറയുന്നത്. സാധാരണ യായി നിയമങ്ങൾ എഴുതപ്പെട്ടവയാണ്. ആധുനിക ജനാധിപത്യ സമൂഹത്തിൽ ഔപചാരിക മായ നിയമങ്ങൾക്കനുസരിച്ചാണ് സമൂഹം ഭരിക്കപ്പെടുന്നത്. നിയമങ്ങൾ എല്ലാ പൗരന്മാർക്കും ബാധകമാണ്.

### ❖ ഗ്രാമപ്രദേശങ്ങളിലെ സാമൂഹിക ക്രമവും സാമൂഹിക മാറ്റവും (Social Order and Social Change in Rural Areas)

ഗ്രാമങ്ങൾ വലിപ്പത്തിൽ ചെറുതായതിനാൽ വ്യക്തിബന്ധങ്ങൾ കൂടുതലായി നില നിൽക്കുന്നു. ജാതി, മതം, തുടങ്ങിയ പരമ്പരാഗത സാമൂഹിക സമ്പ്രദായങ്ങളിൽ അധിഷ്ഠിത മായ സാമൂഹിക ഘടന നിലനിർത്തുന്നു. അതിനാൽ ഗ്രാമങ്ങളിൽ മാറ്റങ്ങൾ സംഭവിക്കുന്നത് സാവധാനത്തിലാണ്. ടെലിഫോൺ, ടെലിവിഷൻ, റോഡ്, റെയിൽവെ, തുടങ്ങിയ പുതിയ വാർത്താ വിനിമയ രീതികൾ ഗ്രാമങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഭൂപരിഷ്കരണ ങ്ങൾ ഭൂമിയുടെ ഉടമസ്ഥതയിൽ ഉണ്ടാക്കിയ മാറ്റം ഗ്രാമീണ സമൂഹങ്ങളെ കാര്യമായി സ്വാധീ

നിച്ചു. കൃഷിയിലെ സാങ്കേതിക മുന്നേറ്റവും ഗ്രാമീണ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. കാർഷികോൽപന്നങ്ങളുടെ വിലയിൽ പെട്ടെന്നുണ്ടാകുന്ന ചാഞ്ചാട്ടങ്ങൾ, വരൾച്ച, വെള്ളപ്പൊക്കം, തുടങ്ങിയവ ഗ്രാമീണ സമൂഹത്തിന്റെ നാശത്തിനു കാരണമായി. ഈ അടുത്തകാലത്ത് ഇന്ത്യയിലുണ്ടായ ആത്മഹത്യകൾ ഇതിന് ഉദാഹരണമാണ്. ഗ്രാമീണ ദരിദ്രരെ ലക്ഷ്യമാക്കിയുള്ള വികസനപരിപാടികൾ ഗ്രാമങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കി. ഉദാ:- 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

❖ **നഗരപ്രദേശങ്ങളിലെ സാമൂഹിക ക്രമവും സാമൂഹിക മാറ്റവും**

നഗരജീവിതരീതി ഒരു ആധുനിക പ്രതിഭാസമാണ്. ആധുനിക കാലഘട്ടത്തിന് മുമ്പ് വ്യാപാരം, മതം, യുദ്ധം എന്നിവ നഗരങ്ങളുടെ സ്ഥാനവും പ്രാധാന്യവും തീരുമാനിച്ചിരുന്നു. മധ്യകാലനഗരങ്ങൾ: ആസ്സാമിലെ ബ്രഹ്മപുത്രാ നദിക്കരിയിലെ തെസ്പൂർ, അറബിക്കടലിന്റെ തീരത്തുള്ള കോഴിക്കോട്. ക്ഷേത്രനഗരങ്ങൾ: രാജസ്ഥാനിലെ അജ്മീർ, ഉത്തർപ്രദേശിലെ വാരാണസി (ബനാറസ്/കാശി), തമിഴ്നാട്ടിലെ മധുര. ഉയർന്ന ജനസാന്ദ്രത, സ്ഥലദൗർലഭ്യം, തുടങ്ങിയവയാണ് നഗരങ്ങളിലെ സാമൂഹിക ക്രമത്തിലെ ഏറ്റവും പ്രധാന പ്രശ്നങ്ങൾ. ലഭ്യമായ സ്ഥലം കൃത്യമായി ഉപയോഗിക്കുന്നതായിരിക്കണം നഗര സമൂഹത്തിന്റെ പ്രാഥമിക കർത്തവ്യം. പാർപ്പിട ദൗർലഭ്യം ദരിദ്രരെ പാർപ്പിടരഹിതരാക്കുന്നു. അതിന്റെ ഫലമായി 'തെരിവുജനത'എന്ന പ്രതിഭാസവും ചേരികളും ഉയർന്നുവരുന്നു. ഗതാഗത രീതിയിലുള്ള മാറ്റങ്ങൾ നഗരങ്ങളിൽ സാമൂഹികമാറ്റം കൊണ്ടുവരുന്നു. പൊതുഗതാഗതത്തെ ആശ്രയിക്കുന്ന നഗരങ്ങൾ - ലണ്ടൻ, ന്യൂയോർക്ക്. സ്വകാര്യവാഹനത്തെ ആശ്രയിക്കുന്ന നഗരങ്ങൾ - ലോസ് എഞ്ചൽസ്.

### നാഗരിക സഞ്ചയം (Urban Agglomeration)

- നഗരവും ചുറ്റുമുള്ള ഉപനഗരപ്രദേശങ്ങളും ആശ്രിതപ്രദേശങ്ങളും ഉൾപ്പെടുന്ന പ്രദേശം.

### മഹാനഗര പ്രദേശങ്ങൾ (Metropolitan Area)

- ഒന്നിലധികം നഗരങ്ങളോ അല്ലെങ്കിൽ നഗരത്തിന്റെ പലമടങ്ങ് വലിപ്പമുള്ള നഗരപ്രദേശങ്ങൾ ഉൾപ്പെടുന്നതിനെ മഹാനഗര പ്രദേശങ്ങൾ എന്നു വിളിക്കുന്നു.

#### ഏകസമുദായവൽക്കരണം (Ghettoisation)

- അയൽപക്കങ്ങൾ മതം, ജാതി, വംശം/പൊതുസ്വത്വബോധം എന്നിവയുടെ അടിസ്ഥാനത്തിൽ ഏകസമുദായമായി മാറുന്ന പ്രക്രിയ. 2002-ൽ ഗുജറാത്ത് കലാപത്തിന്റെ ഫലമായി ഇന്ത്യയിലെ പല നഗരങ്ങളിലും ഏകസമൂദായവൽക്കരണം സംഭവിച്ചിട്ടുണ്ട്.

### ബന്ധിത സമുദായങ്ങൾ (Gated communities)

- മതിലുകളും കവാടങ്ങളും നിർമ്മിച്ച് ചുറ്റുപാടിൽ നിന്ന് വേർതിരിഞ്ഞു നിൽക്കുന്നതോടൊപ്പം അവിടേക്കുള്ള പ്രവേശനവും നിർഗ്ഗമനവും നിയന്ത്രിക്കുന്ന, നഗരങ്ങളിലെ ഉയർന്ന വിഭാഗങ്ങളെ സൂചിപ്പിക്കുന്നു. ഇത്തരം സമുദായങ്ങൾക്ക് സമാന്തരവും സ്വന്തവുമായ ജലവിതരണം, വൈദ്യുതി വിതരണം, സമാധാനസുരക്ഷാ സംവിധാനം എന്നിവ ഉണ്ടായിരിക്കും.

**കുലീനവൽക്കരണം (Gentrification)**

– നഗരത്തിലെ താഴ്ന്ന വർഗ്ഗത്തിൽപെട്ട ഒരു സമൂഹം ഉയർന്ന വർഗ്ഗമായോ മധ്യവർഗ്ഗ മായോ മാറുന്ന പ്രക്രിയ. ഭൂമിവില കുതിച്ചുയരുമ്പോഴും വാടകമൂല്യം വർദ്ധിക്കുമ്പോഴും താഴ്ന്ന വർഗ്ഗത്തിൽപ്പെട്ടവർ അതിൽ നിന്ന് ലാഭമുണ്ടാക്കാൻ ശ്രമിക്കുകയും ഇതവരെ ഉയർന്ന വർഗ്ഗമായി മാറാൻ സഹായിക്കുകയും ചെയ്യും.

# അധ്യായം 8

## പരിസ്ഥിതിയും സമൂഹം (ENVIRONMENT AND SOCIETY)

### ❖ പരിസ്ഥിതി (Ecology)

ഭൗതികവും ജീവശാസ്ത്രപരവുമായ വ്യവസ്ഥകളുടേയും ശൃംഖലയാണ് പരിസ്ഥിതി. മനുഷ്യർ അതിലെ ഒരു ഘടകം മാത്രമാണ്. പർവ്വതങ്ങളും നദികളും സമതലങ്ങളും സമുദ്രങ്ങളും സസ്യങ്ങളും ജീവജാലങ്ങളും പരിസ്ഥിതിയുടെ ഭാഗമാണ്. പാരിസ്ഥിതിക ഘടകങ്ങളാണ് ഏതു സ്ഥലത്തും ജീവിക്കാൻ മനുഷ്യരെ പ്രാപ്തരാക്കുന്നത്. മനുഷ്യന്റെ ഇടപെടലുകൾ മൂലം പരിസ്ഥിതിക്ക് സാരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

### ❖ സാമൂഹികപരിസ്ഥിതികൾ (Social Environments)

ജൈവ-ഭൗതിക പരിസ്ഥിതിയും മനുഷ്യന്റെ ഇടപെടലും തമ്മിലുള്ള പരസ്പര പ്രവർത്തനത്തിൽ നിന്നാണ് സാമൂഹികപരിസ്ഥിതി ഉണ്ടാവുന്നത്. ഇത് ഉഭയദിശാ പ്രക്രിയയാണ്. പ്രകൃതി സമൂഹത്തെ രൂപപ്പെടുത്തുന്നത് പോലെ സമൂഹം പ്രകൃതിയെയും രൂപപ്പെടുത്തുന്നു. സമൂഹം പ്രകൃതിയെ രൂപപ്പെടുത്തുന്നു.

### ❖ പരിസ്ഥിതിയും സാമൂഹിക സംഘടനയും (Environment and Social Organisation)

പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള പരസ്പര പ്രവർത്തനത്തെ രൂപപ്പെടുത്തുന്നത് സാമൂഹിക സംഘടനയാണ്. പരിസ്ഥിതിയും സമൂഹവുമായുള്ള ബന്ധത്തിൽ സ്രോതസ്സുകളുടെയും ഭൂമിയുടേയും ഉടമസ്ഥത ഒരു പ്രധാന ഘടകമാണ്. പ്രകൃതി വിഭവങ്ങൾ എങ്ങനെ, ആർക്കൊക്കെ ഉപയോഗിക്കാമെന്ന് സ്വത്തിന്മേലുള്ള ഉടമസ്ഥാവകാശം നിർണ്ണയിക്കുന്നു.

### ❖ സാമൂഹികമൂല്യങ്ങളും വഴക്കങ്ങളും (Social Values and Norms)

പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങളിൽ സാമൂഹിക മൂല്യങ്ങളും വഴക്കങ്ങളും പ്രതിഫലിക്കുന്നുണ്ട്. മുതലാളിത്ത മൂല്യങ്ങൾ പ്രകൃതിയെ വിൽപനച്ചരക്കാക്കി. സോഷ്യലിസ്റ്റ് മൂല്യങ്ങൾ ഭൂമിയെ പുനർവിതരണം ചെയ്തു. മതമൂല്യങ്ങൾ വിശുദ്ധ വനങ്ങളെയും ജീവജാലങ്ങളെയും സംരക്ഷിച്ചു.

### ❖ അപകടസാധ്യതയുള്ള സമൂഹങ്ങൾ (Risk Societies)

വ്യവസായവൽക്കരണത്തിന്റെ ഫലമായി പരിസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നു. വ്യവസായവൽക്കരണം അമിതമായ പ്രകൃതി ചൂഷണത്തിന് കാരണമായി. ഇത് പരിസ്ഥിതിയെ അതിലോലമാക്കുകയും അവിടുത്തെ സമൂഹത്തെ അപകട സാധ്യതയുള്ള സമൂഹമാക്കുകയും ചെയ്തു. ഉദാ:- ചെർണോബിൽ ആണവദുരന്തം, ഭോപ്പാലിലെ വ്യാവസായിക അത്യാഹിതം, യൂറോപ്പിലെ ഭ്രാന്തിപ്പശുരോഗം.

## ❖ പരിസ്ഥിതി പ്രശ്നങ്ങളും അപകടങ്ങളും (Major Environmental Problems and Risks)

### (1) വിഭവശോഷണം (Resource Depletion)

പുതുക്കാനും പുനർസൃഷ്ടിക്കാനും കഴിയാത്ത പ്രകൃതി വിഭവങ്ങളുടെ അതിമമായ ഉപയോഗം ഒരു പ്രധാന പരിസ്ഥിതി പ്രശ്നമാണ്. ഭൂമിയിൽ നിന്ന് കുഴിച്ചെടുക്കുന്ന ഇന്ധനം പ്രത്യേകിച്ച് പെട്രോളിയം ഉൽപന്നങ്ങൾ, ഉപയോഗിച്ച് തീർന്നുകൊണ്ടിരിക്കുകയാണ്. ഭൂഗർഭ ജലനിരക്ക് ക്രമാതീതമായി താഴുന്നത് ഗുരുതരമായ ഒരു പ്രശ്നമാണ്. ജൈവ വൈവിധ്യ ആവാസകേന്ദ്രങ്ങളും (വനങ്ങൾ, പുൽമേടുകൾ, ഈർപ്പ പ്രദേശങ്ങൾ) ശോഷണം നേരിട്ടു കൊണ്ടിരിക്കുന്നു.

### (2) മലിനീകരണം (Pollution)

നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലെയും ഒരു പ്രധാന പരിസ്ഥിതി പ്രശ്നം. വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും വമിക്കുന്ന പുക, വാതകങ്ങൾ, കത്തിക്കുന്ന കൽക്കരി, വിറക് തുടങ്ങിയവയാണ് വായുമലിനീകരണത്തിന്റെ ഉറവിടം. വീടുകളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിനജലം, കൃഷിയിടങ്ങളിൽ നിന്ന് ബഹിർഗമിക്കുന്ന രാസവളങ്ങളും കീടനാശിനികളും കലർന്ന ജലം, എന്നിവയാണ് ജലമലിനീകരണത്തിന്റെ പ്രധാന കാരണങ്ങൾ. ഉച്ചഭാഷിണികൾ, വാഹനങ്ങളുടെ ശബ്ദകോലാഹലങ്ങൾ, നിർമ്മാണപ്രവർത്തനങ്ങളിലെ ശബ്ദങ്ങൾ എന്നിവയാണ് ശബ്ദമലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ.

### (3) ആഗോളതാപനം (Global Warming)

അന്തരീക്ഷത്തിലേക്ക് പുറംതള്ളപ്പെടുന്ന ഹരിതഗൃഹവാതകങ്ങൾ (കാർബൺഡൈ ഓക്സൈഡ്, മീഥൈൻ) ആണ് ആഗോളതാപനത്തിന് കാരണം. ഇത് മൂലം ഉണ്ടാവുന്ന കാലാവസ്ഥാമാറ്റം ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതിനും, സമുദ്രജലനിരപ്പ് ഉയരുന്നതിനും, തീരപ്രദേശങ്ങൾ വെള്ളത്തിനടിയിലാവുന്നതിനും കാരണമാകുന്നു. ആഗോളതാപനം പാരിസ്ഥിതിക സംതുലിതാവസ്ഥയെ ബാധിക്കുന്നു.

### (4) ജനിതകമാറ്റം വരുത്തിയ ജീവജാലങ്ങൾ (Genetically Modified Organisms)

ഇത് വിളകളുടെ വളർച്ചാകാലം കുറയ്ക്കുന്നതിനും, വലിപ്പം കൂട്ടുന്നതിനും, ആയുർദൈർഘ്യം വർധിപ്പിക്കുന്നതിനും കാരണമായി. ജനിതകമാറ്റം വരുത്തി ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നവരിൽ അത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുമെന്നും പരിസ്ഥിതിയെ എങ്ങനെ ബാധിക്കുമെന്നും സംബന്ധിക്കുന്ന പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

### (5) പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ പാരിസ്ഥിതിക ദുരന്തങ്ങൾ (Natural and Man-made Environmental Disasters)

1984-ലെ ഭോപ്പാൽ ദുരന്തം മനുഷ്യനിർമ്മിതമായ പാരിസ്ഥിതിക ദുരന്തമാണ്. 2004-ലെ സുനാമി ദുരന്തം പ്രകൃതിദത്തമായവ പരിസ്ഥിതിക ദുരന്തമാണ്.

## ❖ പാരിസ്ഥിതിക പ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങളായി മാറുന്നത് എന്തുകൊണ്ട്?

**(Why Environmental Problems are also Social Problems?)**

പാരിസ്ഥിതിക പ്രശ്നങ്ങൾ സാമൂഹിക പ്രശ്നങ്ങൾ തന്നെയാണ്. സാമൂഹിക അസമത്വവുമായി അതിന് അടുത്ത ബന്ധമുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ വ്യത്യസ്ത സാമൂഹിക സംഘങ്ങളിൽ വ്യത്യസ്തമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. പാരിസ്ഥിതിക പ്രതിസന്ധികളിൽ നിന്ന് രക്ഷപ്പെടാനും അവയെ അതിജീവിക്കാനും ജനങ്ങളെ പ്രാപ്തരാക്കുന്നത് അവരുടെ സാമൂഹികപദവിയും അധികാരവുമാണ്. പാരിസ്ഥിതിക പ്രതിസന്ധികൾക്ക് ഉയർന്ന വിഭാഗങ്ങളിൽപ്പെട്ടവർ കണ്ടെത്തുന്ന പരിഹാരങ്ങൾ പലപ്പോഴും സാമൂഹിക അസമത്വം വർദ്ധിപ്പിക്കുന്നു.

ഉദാ:- ജലക്ഷാമം നേരിടുന്ന ഗുജറാത്തിലെ കച്ചിൽ ധനികരായ കർഷകർ അവരുടെ കൃഷിയിടങ്ങളിൽ ജലസേചനം നടത്തുന്നതിനും നാണ്യവിളകൾ കൃഷിചെയ്യുന്നതിനുമായി കുഴൽകിണറുകൾ നിർമ്മിച്ചു. എന്നാൽ മഴയില്ലാതാകുമ്പോൾ പാവപ്പെട്ട ഗ്രാമീണരുടെ കിണറുകൾ പൂർണ്ണമായും വറ്റുകയും കുടിവെള്ളംപോലും ഇല്ലാതെ അവർ കഷ്ടപ്പെടുകയും ചെയ്യുന്നു.

## ❖ സമൂഹ പരിസ്ഥിതിശാസ്ത്രം (Social Ecology)

മുറെ ബുക്ചിൻ എന്ന തത്വചിന്തകനാണ് സാമൂഹിക പരിസ്ഥിതി ശാസ്ത്രം എന്ന ആശയത്തിന്റെ സ്ഥാപകൻ. സാമൂഹിക പ്രശ്നങ്ങളിൽ നിന്നാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്ന് അദ്ദേഹം പറയുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധത്തിൽ മാറ്റം വരേണ്ടത് ആവശ്യമാണ്.

# അധ്യായം 9

## പാശ്ചാത്യ സമൂഹശാസ്ത്രജ്ഞർ (WESTERN SOCIOLOGISTS)

സമൂഹശാസ്ത്രത്തെ വിപ്ലവയുഗകാലഘട്ടത്തിന്റെ ശിശു എന്ന് വിളിക്കുന്നു. 19-ാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ യൂറോപ്പിലാണ് (ഫ്രാൻസ്) സമൂഹശാസ്ത്രം ജന്മം കൊണ്ടത്. സാമൂഹിക ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കിയ ജ്ഞാനോദയം, വ്യാവസായിക വിപ്ലവം, ഫ്രഞ്ച് വിപ്ലവം എന്നീ 3 വിപ്ലവങ്ങളാണ് സമൂഹശാസ്ത്ര ഉത്ഭവത്തിന് വഴിയൊരുക്കിയത്.

### ❖ സമൂഹശാസ്ത്രത്തിന്റെ പശ്ചാത്തലം (The Context of Sociology)

യൂറോപ്പിൽ ആധുനിക യുഗവും ആധുനികതയുടെ പശ്ചാത്തലവും കൊണ്ടുവന്നത് ജ്ഞാനോദയം, ഫ്രഞ്ചുവിപ്ലവം, വ്യാവസായിക വിപ്ലവം എന്നീ 3 പ്രക്രിയകളാണ്.

### 1. ജ്ഞാനോദയം/ശാസ്ത്രവിപ്ലവം (The Enlightenment/Scientific Revolution)

17, 18 നൂറ്റാണ്ടുകളിൽ പശ്ചിമ യൂറോപ്പ് ലോകത്തെക്കുറിച്ചുള്ള വിപ്ലവകരമായ പല ചിന്താരീതികൾക്കും സാക്ഷ്യം വഹിച്ചു. ഇതിനെ ജ്ഞാനോദയം എന്നു പറയുന്നു.ജ്ഞാനോദയം മനുഷ്യനെ പ്രപഞ്ചത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു. യുക്തിചിന്തയാണ് മനുഷ്യന്റെ മുഖ്യ സവിശേഷത. യുക്തിപരമായും വിമർശനാത്മകമായും ചിന്തിക്കാനുള്ള കഴിവ് മനുഷ്യനെ അറിവിന്റെ ഉൽപാദകനും ഉപഭോക്താവുമാക്കി മാറ്റി. സമൂഹം മനുഷ്യന്റെ സൃഷ്ടിയാണ്. അതിനാൽ സമൂഹത്തെ യുക്തിപരമായി അപഗ്രഥിക്കാനും മനസ്സിലാക്കാനും മനുഷ്യർക്ക് സാധിക്കും. ഇതിനായി മുമ്പ് ലോകത്തെ മനസ്സിലാക്കുന്നതിന് ഉപയോഗിച്ചിരുന്ന പ്രകൃതി, മതം, ദൈവീകമായ പ്രവൃത്തികൾ എന്നിയെ കേന്ദ്രസ്ഥാനത്തുനിന്ന് മാറ്റി സ്ഥാപിക്കണം. അങ്ങനെ ജ്ഞാനോദയം മനുഷ്യ മനസ്സുകളിൽ മതേതരവും ശാസ്ത്രീയവും മാനവികവുമായ മനോഭാവം വളർത്തുന്നതിന് സഹായകമായി.

### 2. ഫ്രഞ്ച്‌വിപ്ലവം (The French Revolution)

ഫ്രാൻസിലെ പാരമ്പര്യ സ്വേഛാധിപത്യ ഭരണകൂടത്തിനെതിരെ അവിടുത്തെ ജനങ്ങളുടെ വിമോചന സമരമായിരുന്നു ഫ്രഞ്ച്‌വിപ്ലവം. വളരെ ചെറിയ ഒരു വിഭാഗം ഭൂരിപക്ഷം ജനങ്ങളെയും ചൂഷണം ചെയ്യുന്ന ഒരു സാമൂഹിക വ്യവസ്ഥയായിരുന്നു ഫ്രാൻസിൽ നിലനിന്നിരുന്നത്. ഫ്രഞ്ച്‌വിപ്ലവം കർഷകരുടെ മോചനത്തിന് വഴിയൊരുക്കി. കുലീനന്മാരുടെ എസ്റ്റേറ്റുകളിൽ അടിമപ്പണി ചെയ്തിരുന്ന കർഷകർ സ്വതന്ത്രരാക്കപ്പെട്ടു. വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ചു. പരമ്പരാഗത അധികാരത്തെയും അസമത്വത്തെയും അവർ ചോദ്യം ചെയ്തു. ഫ്രഞ്ച്‌വിപ്ലവത്തിന്റെ പ്രതീകങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ആധുനിക രാഷ്ട്രത്തിന്റെ മുദ്രാവാക്യങ്ങളായിത്തീർന്നു.

### 3. വ്യാവസായിക വിപ്ലവം (The Industrial Revolution)

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബ്രിട്ടനിലാണ് വ്യാവസായിക വിപ്ലവം ആരംഭിച്ചത്. വ്യാവസായിക വിപ്ലവത്തിന് 2 തലങ്ങൾ ഉണ്ടായിരുന്നു. ഒന്നാമതായി വ്യാവസായിക ഉത്പാദനത്തിൽ ശാസ്ത്ര-സാങ്കേതികവിദ്യയുടെ വ്യവസ്ഥാപിതമായ ഉപയോഗം. രണ്ടാമത്തേത് പുതിയമാനത്തിലുള്ള തൊഴിലാളി സംഘാടനവും വിപണിയുടെ വ്യാപകമായ സാധ്യതകളും. ഉത്പാദനരംഗത്തുണ്ടായ മാറ്റം സാമൂഹ്യജീവിതത്തിൽ ഒട്ടേറെ

മാറ്റങ്ങൾ സൃഷ്ടിച്ചു. നഗരങ്ങളിലെ വ്യവസായശാലകൾ ഗ്രാമവാസികളെ തൊഴിലിനുവേണ്ടി നഗരങ്ങളിൽ എത്തിച്ചു. ആധുനികവ്യവസായങ്ങളുടെ ആവിർഭാവം നഗരവത്ക്കരണത്തിന് ഇടയാക്കുകയും നഗരങ്ങളിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. പാർപ്പിട പ്രശ്നം, ജനബാഹുല്യം, സാമ്പത്തികമായ അസമത്വം, ചേരിയുടെ ഉദയം, ദാരിദ്ര്യം, ആരോഗ്യപ്രശ്നങ്ങൾ, ശുചിത്വമില്ലായ്മ, കുറ്റകൃത്യങ്ങളുടെ അധിക്യം എന്നിവ ഇവയിൽ ചിലതാണ്. ഇത്തരം പുത്തൻ സാമൂഹിക പ്രതിഭാസങ്ങൾ പുതിയ തരത്തിലുള്ള അറിവുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിച്ചു. ഈ ആവശ്യങ്ങളോടുള്ള പ്രതികരണമായാണ് സമൂഹശാസ്ത്രം ഉത്ഭവിച്ചത്.

### സമൂഹശാസ്ത്രം-വ്യവസായസമൂഹത്തിന്റെ ശാസ്ത്രം

വ്യവസായ സമൂഹത്തിലെ വികസനങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ തുടക്കം മുൽക്കുതന്നെ സമൂഹശാസ്ത്രം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടാണ് സമൂഹശാസ്ത്രത്തെ വ്യവസായസമൂഹത്തിന്റെ ശാസ്ത്രം എന്നുവിളിക്കുന്നത്.

### ❖ കാറൽ മാർക്സ് (Karl Marx)

കമ്മ്യൂണിസത്തിന്റെ പിതാവായ കാറൽ മാർക്സ് മഹാനായ ഒരു സാമൂഹിക ചിന്തകനും വിപ്ലവകാരിയുമായിരുന്നു. മനുഷ്യസമൂഹം മുന്നേറിയത് 4 ഘട്ടങ്ങളിലൂടെയാണെന്ന് അദ്ദേഹം വാദിച്ചു.

1. പ്രാകൃത കമ്മ്യൂണിസം (Primitive Communism)
2. അടിമത്തം (Slavery)
3. നാടുവാഴിത്തം (Feudalism)
4. മുതലാളിത്തം (Capitalism)

മുതലാളിത്തം സോഷ്യലിസത്തിനു വഴിമാറും എന്നും അദ്ദേഹം വിശ്വസിച്ചു.

### വർഗ്ഗസമരം (Class Struggle)

വർഗ്ഗങ്ങളുടെ രൂപീകരണം ചരിത്രപരമായ ഒരു പ്രക്രിയയാണ്. ഉത്പാദനരീതിയുമായി ബന്ധപ്പെട്ടുകൊണ്ട് ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിവിധ വർഗ്ഗങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. സാമൂഹിക മാറ്റത്തിന്റെ മുഖ്യ ചാലകശക്തി വർഗ്ഗസമരമാണെന്ന് അദ്ദേഹം വിശ്വസിച്ചു. മാർക്സും എംഗൽസും 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിൽ ഇങ്ങനെ എഴുതി "ഇന്ന് വരെ നിലനിന്നിട്ടുള്ള എല്ലാ സമൂഹങ്ങളുടെയും ചരിത്രവും വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്. വർഗ്ഗസമരത്തിന്റെ രൂപത്തിന് ഓരോ കാലഘട്ടങ്ങളിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും എല്ലാ ഘട്ടങ്ങളിലും മർദ്ദകരും മർദ്ദിതരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ട്. മുതലാളിത്ത വ്യവസ്ഥിതിയിൽ ഉൽപാദനോപാധികൾ മുതലാളിയുടെ ഉടമസ്ഥതയിലാണ്. തൊഴിലാളികൾ ജീവിക്കുന്നതിനു വേണ്ടി സ്വന്തം അദ്ധ്വാനം വിൽക്കുന്നു. രാഷ്ട്രീയ മുന്നേറ്റത്തിലൂടെ വർഗ്ഗബോധം ഉടലെടുക്കുകയും അത് വർഗ്ഗസമരത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. വർഗ്ഗസമരം ക്രമേണ നിലവിലുള്ള സാമൂഹിക ക്രമത്തെ തുടച്ചുനീക്കുകയും പുതിയ തൊഴിലാളി വർഗ്ഗാധിഷ്ഠിത സാമൂഹിക ക്രമം രൂപപ്പെടുത്തുമെന്നും മാർക്സ് വിശ്വസിച്ചു.

## ❖ എമിൽ ദുർഖൈം (Emile Durkheim)

ഫ്രഞ്ച് സമൂഹശാസ്ത്രജ്ഞനായിരുന്ന എമിൽ ദുർഖൈം സമൂഹശാസ്ത്രത്തെ ഔപചാരിക വിഷയമാക്കി മാറ്റി.

### സാമൂഹിക വസ്തുത (Social Fact)

സാമൂഹിക വസ്തുതകൾ വസ്തുക്കളെ പോലെയാണ്. അവ വ്യക്തിക്ക് പുറത്താണെങ്കിലും അവരുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നു. നിയമം, വിദ്യാഭ്യാസം, മതം പോലെയുള്ള സ്ഥാപനങ്ങൾ എന്നിവ അവയിൽ ഉൾപ്പെടുന്നു. സാമൂഹികവസ്തുതകൾക്ക് പൊതുസ്വഭാവമാണ് ഉള്ളത്.

### സമൂഹത്തിലെ തൊഴിൽ വിഭജനം (Division of Labour in Society)

ദുർഖൈം 'തൊഴിൽ വിഭജനം സമൂഹത്തിൽ' എന്ന ആദ്യ ഗ്രന്ഥത്തിൽ പ്രാകൃതകാലഘട്ടം മുതൽ ആധുനികകാലഘട്ടം വരെയുള്ള സമൂഹത്തിന്റെ പരിണാമം അവതരിപ്പിച്ചിട്ടുണ്ട്. അതത് സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹിക ഐക്യദാർഢ്യത്തിന്റെ സ്വാഭാവമനുസരിച്ച് പ്രാകൃതസമൂഹം, ആധുനികസമൂഹം എന്നിങ്ങനെ സമൂഹത്തെ തരംതിരിച്ചു. പ്രാകൃതസമൂഹം യാന്ത്രിക ഐക്യദാർഢ്യത്തിന്റെയും ആധുനികസമൂഹം ജൈവിക ഐക്യദാർഢ്യത്തിന്റെയും അടിസ്ഥാനത്തിലാണ് സംഘടിക്കപ്പെട്ടത്.

### യാന്ത്രിക ഐകദാർഢ്യം (Mechanical Solidarity)

ചെറിയ ജനസംഖ്യയുള്ള സമൂഹങ്ങളിലാണ് യാന്ത്രിക ഐക്യദാർഢ്യം കണ്ടുവരുന്നത്. ജനങ്ങൾ തമ്മിലുള്ള ഐക്യത്തിന്റെ അടിസ്ഥാനം സാദൃശ്യവും വ്യക്തിബന്ധങ്ങളുമാണ്. പ്രായത്തിന്റെയും ലിംഗത്തിന്റയും അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനവും കൂട്ടായ ബോധവും അടിച്ചമർത്തൽ നിയമങ്ങളും ഇത്തരം സമൂഹങ്ങളുടെ പ്രത്യേകതകളാണ്.

### ജൈവിക ഐക്യദാർഢ്യം (Organic Solidarity)

ഇത് ആധുനിക സമൂഹത്തിന്റെ സവിശേഷതയാണ്. സമൂഹത്തിലെ അംഗങ്ങൾക്കിടയിലെ വ്യത്യസ്തതകളാണ് ഇതിന്റെ അടിസ്ഥാനം. വലിയ ജനസംഖ്യയുള്ള സമൂഹത്തിലാണ് ജൈവിക ഐക്യദാർഢ്യം കണ്ടുവരുന്നത്. ആധുനിക സമൂഹങ്ങൾ വ്യക്തികൾക്ക് വലിയ പ്രാധാന്യം നൽകുന്നു. പരസ്പരാശ്രയത്വമാണ് ജൈവിക ഐക്യത്തിന്റെ സത്ത. സങ്കീർണ്ണമായ തൊഴിൽ വിഭജനം കാണപ്പെടുന്നു. ആധുനിക സമൂഹത്തിലെ നിയമങ്ങൾ തിരുത്തൽ സ്വഭാവമുള്ളവയാണ്.

## ❖ മാക്സ് വെബർ (Max Weber)

മാക്സ് വെബറിന്റെ അഭിപ്രായത്തിൽ സമൂഹശാസ്ത്രത്തിന്റെ പ്രതിപാദ്യ വിഷയം സാമൂഹിക പെരുമാറ്റമാണ് (Social Action). സാമൂഹിക പെരുമാറ്റത്തെ വ്യാഖ്യാനിച്ച് മനസ്സിലാക്കലാണ് സമൂഹശാസ്ത്രത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വാദിച്ചു. സാമൂഹിക പെരുമാറ്റത്തെ മനസ്സിലാക്കുന്നതിന് രണ്ട് രീതിശാസ്ത്രപരമായ പഠനരീതികൾ വെബർ നിർദ്ദേശിക്കുന്നു.

**1. സഹഭാവധാരണ (Empathetic Understanding)**

സമൂഹശാസ്ത്രജ്ഞൻ പ്രവർത്തകന്റെ സ്ഥാനത്ത് നിന്ന്കൊണ്ട് അയാളുടെ സാമൂഹിക പെരുമാറ്റത്തിന്റെ അർത്ഥം സങ്കൽപ്പിച്ചെടുക്കുന്ന രീതി.

**മൂല്യനിരപേക്ഷത (Value Neutrality)**

സമൂഹശാസ്ത്രജ്ഞൻ മറ്റുള്ളവരുടെ ആത്മനിഷ്ഠമായ വികാരങ്ങൾ നിഷ്പക്ഷമായി വിശദീകരിക്കുകയാണ് വേണ്ടത്. അല്ലാതെ വിധിയെഴുതുകയല്ല. ഇത്തരത്തിലുള്ള വസ്തുനിഷ്ഠതയെ വെബർ മൂല്യനിരപേക്ഷത എന്നാണ് വിളിച്ചത്.

**2. ആദർശമാതൃക (Ideal type)**

ഒരു സാമൂഹികപ്രതിഭാസത്തിന്റെ മുഖ്യ സവിശേഷതകൾ ഉയർത്തിക്കാണിക്കുന്ന യുക്തിപരമായ സ്ഥിരത പുലർത്തുന്ന മാതൃകകൾ. യാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്യാനാണ് ഈ സാങ്കൽപികരീതി ഉപയോഗിക്കുന്നത്.

### അധികാരം (Authority)

ആദർശമാതൃക ഉപയോഗിച്ച് വെബർ അധികാരത്തെ മൂന്നായി തരംതിരിച്ചു.

### 1. പരമ്പരാഗത അധികാരം (Traditional Authority)

പരമ്പരാഗത അധികാരത്തിന്റെ ഉറവിടം ആചാരങ്ങളും കീഴ്‌വഴക്കങ്ങളുമാണ്.

### 2. വ്യക്തിപ്രഭാവാധികാരം (Charismatic Authority)

ദിവ്യസ്രോതസ്സുകളിൽ നിന്നോ അല്ലെങ്കിൽ ദൈവകൃപയിൽ നിന്നോ ലഭിക്കുന്ന അധികാരം.

### 3. യുക്തിപരവും നിയമപരവുമായ അധികാരം (Rational- Legal Authority)

ഇത് നിയമത്തിൽ അധിഷ്ഠിതമാണ്. ലിഖിതമായ നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇവ നിലകൊള്ളുന്നത്. ആധുനിക സമൂഹത്തിൽ നിലനിൽക്കുന്ന ഈ അധികാരം നടപ്പാക്കുന്നതിനുള്ള ചുമതല ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

### ഉദ്യോഗസ്ഥവൃന്ദം (Bureaucracy)

രാഷ്ട്രീയ അധികാരത്തിന്റെ ആധുനിക രൂപം. പൊതുമേഖലയിൽ നിലനിൽക്കുന്ന ഔപചാരികമായ ഒരു സ്ഥാപനം. നിയമങ്ങളിലൂടെയും നിയന്ത്രണങ്ങളിലൂടെയും ഇത് നടപ്പാക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ അധികാരത്തെ അവരുടെ ഉത്തരവാദിത്വങ്ങൾക്കനുസൃതമായി പരിമിതപ്പെടുത്തുന്നു.

## സവിശേഷതകൾ (Characteristics)

1. **ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം**

ഓരോ ഉദ്യോഗസ്ഥനും അവരുടേതായ അധികാരപരിധി ഉണ്ടായിരിക്കും. ദൈനംദിന പ്രവർത്തനങ്ങൾക്ക് കൃത്യമായ രീതി അഥവാ ഔദ്യോഗിക ഉത്തരവാദിത്വം ഉണ്ടായിരിക്കും. മേലുദ്യോഗസ്ഥന്മാരിൽ നിന്നും കീഴുദ്യോഗസ്ഥന്മാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ ലഭിക്കുകയും കൃത്യനിർവ്വഹണം നടത്തപ്പെടുകയും ചെയ്യുന്നു. ഉദ്യോഗസ്ഥർ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നു.

2. **സ്ഥാനങ്ങളുടെ ശ്രേണീകരണം**

അധികാരവും ഓഫീസും ശ്രേണീബന്ധിതമാണ്. ഉയർന്ന ഉദ്യോഗസ്ഥർ കീഴ് ഉദ്യോഗ സ്ഥരുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുന്നു.

3. **ലിഖിതപ്രമാണത്തിലുള്ള ആശ്രയത്വം**

ഭരണനിർവ്വഹണം ലിഖിതപ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. ഇത്തരം ഫയലുകൾ ഓഫീസുകളിൽ സൂക്ഷിക്കപ്പെടുന്നു.

4. **ഓഫീസ് നടത്തിപ്പ്**

ഓഫീസ് നടത്തിപ്പ് സവിശേഷവൽക്കരിക്കപ്പെട്ട ഒരു ആധുനിക പ്രവർത്തനമാണ്.പരി ശീലനം ലഭിച്ച വിദഗ്ദരായ വ്യക്തികളുടെ സേവനം ഇതിനാവശ്യമാണ്.

5. **ഓഫീസിലെ പെരുമാറ്റം**

ഓഫീസിലുള്ള പെരുമാറ്റത്തെ നിയന്ത്രിക്കാൻ ചില നിയമങ്ങളും ചട്ടങ്ങളുമുണ്ട്. ഇത് ഓഫീസിലുള്ള പെരുമാറ്റരീതിയെ സ്വകാര്യമണ്ഡലത്തിലുള്ള പെരുമാറ്റരീതിയിൽ നിന്നും വേർതിരിക്കുന്നു. ഈ നിയമങ്ങളും ചട്ടങ്ങളും നിയമാനുസൃതമായതിനാൽ ഉദ്യോഗസ്ഥർക്ക് ഉത്തരം നൽകാൻ ബാധ്യതയുണ്ട്.

# അധ്യായം 10

## ഇന്ത്യൻ സമൂഹശാസ്ത്രജ്ഞർ (INDIAN SOCIOLOGISTS)

ബ്രിട്ടീഷ് ഭരണാധികാരികളാണ് സമൂഹപഠനം ഒരു അക്കാദമിക പരിശ്രമമായി പ്രോത്സാഹിപ്പിച്ചതും വളർത്തിയതും. 1919-ൽ ബോംബെ സർവ്വകലാശാലയിൽ സമൂഹശാസ്ത്ര പഠനം ആരംഭിച്ചു.

❖ **ജി.എസ്.ഘുരെ (G.S. Ghurye)**

ഇന്ത്യയിലെ സ്ഥാപനവൽകൃത സമൂഹശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്. ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റി, സോഷ്യോളജിക്കൽ ബുള്ളറ്റിൻ (ജേണൽ) സ്ഥാപകൻ.

**ജാതി, വംശം (Caste and Race)**

'ഇന്ത്യയിലെ ജാതിയും വംശവും' (Caste and Race in India) എന്ന പുസ്തകത്തിലൂടെ ഘുരെ ജാതിയും വംശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിലവിലുണ്ടായിരുന്ന പ്രധാന സിദ്ധാന്തങ്ങളെയെല്ലാം വിമർശിച്ചു.

**ഘുരെ- ഹെർബർട്ട് റിസ്‌ലി സംവാദം (Ghurye- Herbert Risley Debate on Caste and Race)**

**ഹെർബർട്ട് റിസ്‌ലി-** വംശങ്ങളുടെ പരിണാമത്തെക്കുറിച്ച് പഠിക്കുവാൻ ഏറ്റവും ഉചിതമായ സ്ഥലം ഇന്ത്യയാണ്. ജാതിയുടെ ഉത്ഭവം വംശത്തിൽ നിന്നാണ്. ഉയർന്ന ജാതിക്കാർ ഇന്തോ-ആര്യൻ വംശീയ വിഭാഗത്തിൽപ്പെട്ടവരാണ്. താഴ്ന്ന ജാതിക്കാർ അനാര്യന്മാരായ തദ്ദേശിയരോ മംഗളോയിഡുകളോ, മറ്റ് വംശീയ വിഭാഗത്തിൽ പെട്ടവരോ ആയിരിക്കും. ഇന്ത്യയിലെ യഥാർത്ഥ ആദിനിവാസികൾ കീഴാളജാതിയിൽപ്പെട്ടവരായിരുന്നു, എവിടെ നിന്നോ വന്ന് ഇന്ത്യയിൽ സ്ഥിരതാമസമാക്കിയ ആര്യർ അവരെ കീഴ്പ്പെടുത്തുകയായിരുന്നു.

**ഘുരെ-** റിസ്ലിയുടെ വാദം പൂർണ്ണമായും ശരിയല്ല. ആര്യരാണ് ഉന്നത ജാതിക്കാർ എന്നും താണജാതിക്കാർ അനാര്യന്മാരാണെന്നുമുള്ള റിസ്‌ലിയുടെ സിദ്ധാന്തം വടക്കെ ഇന്ത്യയിൽ മാത്രമേ സത്യമാകുന്നുള്ളൂ. ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും വ്യത്യസ്ത വംശീയവിഭാഗങ്ങൾ ഇടകലർന്ന് ജീവിച്ച് പോന്നിരുന്നത് കൊണ്ട് അവർക്കിടയിൽ വംശീയവിശുദ്ധി നിലനിന്നിരുന്നില്ല.

**ജാതിയുടെ നിർവ്വചനം (Definition of Caste)**

- ആറ് സവിശേഷതകൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഘുരെ ജാതിക്ക് നിർവ്വചനം നൽകിയത്.

1. ഖണ്ഡ വിഭജനം
2. ശ്രേണിബന്ധമായ വിഭജനം
3. സാമൂഹികമായ പാരസ്പര്യത്തിനുമേലുള്ള നിയന്ത്രണങ്ങൾ
4. വ്യതിരിക്ത അവകാശങ്ങളും കടമകളും

5. തൊഴിൽ തെരഞ്ഞെടുക്കുന്നതിലുള്ള നിയന്ത്രണം

6. വിവാഹത്തിന് മേലുള്ള നിയന്ത്രണങ്ങൾ

### ❖ ഡി.പി.മുഖർജി (D.P. Mukerji) (1894-1961)

ഒരു രാഷ്ട്രീയപരിപാടി എന്നതിനേക്കാൾ സാമൂഹ്യവിശകലന രീതി എന്നനിലയിൽ മാർക്സിസത്തെ അദ്ദേഹം കണ്ടു. പ്രധാന പുസ്തകം – 'ഇന്ത്യൻ സംഗീതത്തിന് ഒരു ആമുഖം' (An Introduction to Indian Music)

**പാരമ്പര്യവും മാറ്റവും (Tradition and Change)**

പാരമ്പര്യം സജീവവും ചലനാത്മകവുമാണ്. പാരമ്പര്യം ഭൂതകാലവുമായുള്ള ബന്ധം നിലനിർത്തി, വർത്തമാനകാലവുമായി പൊരുത്തപ്പെട്ട് മാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്യുന്നു. ഇതിനെ ജൈവ പാരമ്പര്യം എന്ന് അദ്ദേഹം കണക്കാക്കി. ഇന്ത്യൻ പാരമ്പര്യത്തിന്റെ കേന്ദ്രം സാമൂഹ്യ-സാംസ്കാരിക സംഘമാണ്. ഇന്ത്യൻ പാരമ്പര്യങ്ങൾക്ക് ശ്രുതി, സ്മൃതി, അനുഭവ എന്നീ മൂന്ന് പരിവർത്തന തത്വങ്ങൾ ഉണ്ടായിരുന്നു. ഇന്ത്യൻ സാഹചര്യത്തിൽ വ്യക്തിപരമായ അനുഭവം അതിവേഗത്തിൽ കൂട്ടായ അനുഭവമായി മാറുകയുണ്ടായി. ഉന്നതമായ പാരമ്പര്യങ്ങൾ ശ്രുതിയിലും സ്മൃതിയാലുമാണ് കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സംഘങ്ങളുടെ കൂട്ടായ അനുഭവങ്ങൾ ഉന്നതമായ പാരമ്പര്യത്തെ ഒരോ കാലത്തും വെല്ലുവിളിച്ചു. ഉദാ: ഭക്തിപ്രസ്ഥാനം, സൂഫിസം. ഇന്ത്യൻ സാഹചര്യത്തിൽ സംഘർഷങ്ങളും കലാപങ്ങളും ഉണ്ടാകുന്നത് കൂട്ടായ അനുഭവങ്ങളിലൂടെയാണ്. ഇത് പാരമ്പര്യത്തിൽ മാറ്റങ്ങളുണ്ടാക്കുന്നു. എങ്കിലും കാര്യങ്ങളെ പൂർവ്വസ്തിതിയിലേക്ക് കൊണ്ടുവരാനുള്ള കഴിവ് പാരമ്പര്യത്തിനുണ്ട്.

### ❖ എ.ആർ.ദേശായി (A. R. Desai-1915-1994)

എ.ആർ.ദേശായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിരുന്നു. 1948ൽ അദ്ദേഹത്തെ പ്രശസ്തനാക്കി. ഇന്ത്യൻ ദേശീയതയുടെ ഒരു മാർക്സിയൻ അപഗ്രഥനമാണ് അദ്ദേഹത്തിന്റെ 'ഇന്ത്യൻ ദേശീയതയുടെ സാമൂഹിക പശ്ചാത്തലം' (The Social Background of Indian Nationalism) എന്ന പുസ്തകം

**ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ**

The Myth of the Welfare State എന്ന പ്രബന്ധത്തിൽ ദേശായി ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പനത്തെ നിശിതമായി വിമർശിക്കുകയും അതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ

(1) ക്ഷേമരാഷ്ട്രം ഒരു ക്രിയാത്മക രാഷ്ട്രമാണ്.

(2) ക്ഷേമരാഷ്ട്രം ഒരു ജനാധിപത്യരാഷ്ട്രമാണ്.

(3) ക്ഷേമരാഷ്ട്രത്തിൽ മിശ്ര സമ്പദ്വ്യവസ്ഥയാണുള്ളത്.

ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ വിശദീകരിച്ചുകൊണ്ടാണ് ദേശായി അതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചത്. ക്ഷേമരാഷ്ട്രത്തിന്റെ പ്രകടനം അളക്കുന്നതിന് ചില മാനദണ്ഡങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു.

1. എല്ലാ പൗരന്മാർക്കും ദാരിദ്ര്യം, സാമൂഹിക വിവേചനം എന്നിവയിൽ നിന്നുള്ള മോചനവും സുരക്ഷയും ഉറപ്പുവരുത്തണം.

2. വരുമാനത്തിലെ അസമത്വങ്ങൾ ക്ഷേമരാഷ്ട്രം ഇല്ലാതാക്കണം.

3. മുതലാളിത്തത്തിന്റെ ലാഭപ്രേരണയെ സമൂഹത്തിന്റെ യതാർത്ഥ ആവശ്യങ്ങൾക്ക് കീഴ്പ്പെടുത്തുന്ന വിധത്തിൽ ക്ഷേമരാഷ്ട്രം സമ്പദ്വ്യവസ്ഥയെ മാറ്റണം.

4. സ്വതന്ത്രമായ സുസ്ഥിര വികസനം ക്ഷേമരാഷ്ട്രം ഉറപ്പുവരുത്തണം.

5. ക്ഷേമരാഷ്ട്രം എല്ലാവർക്കും തൊഴിൽ നൽകണം.

ഈ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ദേശായി ബ്രിട്ടൻ, അമേരിക്ക, യൂറോപ്യൻ രാഷ്ട്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചു. ഈ വാദഗതിയുടെ അടിസ്ഥാനത്തിൽ ക്ഷേമരാഷ്ട്രമെന്ന സങ്കൽപ്പനം ഒരു ഐതിഹ്യമാണെന്ന് ദേശായി സമർത്ഥിച്ചു.

❖ **എം.എൻ.ശ്രീനിവാസ് (M. N. Srinivas)**

സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും പ്രശസ്തനായ സമൂഹശാസ്ത്രജ്ഞൻ. ഗവേഷണ പ്രബന്ധം ''ദക്ഷിണേന്ത്യയിലെ കൂർഗുകൾക്കിടയിലെ മതവും സമൂഹവും'' (Religion and Scoiety Among the Coorgs of South India). ഗ്രാമപഠനങ്ങളെ ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ പ്രധാന മേഖലയാക്കി വളർത്തിയെടുത്തു. ഗ്രാമത്തെക്കുറിച്ചുള്ള ശ്രീനിവാസിന്റെ രചനകൾ 2 തരത്തിലുള്ളവയാണ്.

1. ഗ്രാമങ്ങളിൽ നടത്തിയ ഫീൽഡ്‌വർക്കിന്റെ വംശശാസ്ത്രപരമായ വിവരണങ്ങൾ/ ചർച്ചകൾ.

2. സാമൂഹിക വിശകലനത്തിനുള്ള ഒരു ഏകകം എന്ന നിലയിയിൽ ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ചുള്ള ചരിത്രപരവും ധാരണാപരവുമായ ചർച്ചകൾ.

**<u>ഗ്രാമസമൂഹത്തെക്കുറിച്ച് ലൂയി ഡ്യൂമോണ്ടും ശ്രീനിവാസും തമ്മിലുള്ള സംവാദം</u> (M. N. Srinivas-Louis Dumont Debate on Village Society)**

**ലൂയി ഡ്യൂമോണ്ട്–** ജാതിയാണ് ഗ്രാമത്തെക്കാൾ പ്രധാനപ്പെട്ടത്. സാമൂഹിക സ്ഥാപനങ്ങളായ ജാതിയും മതവും മാറ്റങ്ങൾക്ക് വിധേയമാകുന്നില്ല. ഗ്രാമത്തെ ഒരു പഠന ഏകകമായി വലിയ പ്രാധാന്യം നൽകുന്നത് നമ്മെ വഴിതെറ്റിക്കും.

ഡ്യൂമണ്ടിന്റെയും കൂട്ടരുടെയും കാഴ്ചപ്പാടിനെ ശ്രീനിവാസ് ശക്തമായി എതിർത്തു. ഗ്രാമം വളരെ പ്രസക്തിയുള്ള ഒരു സാമൂഹ്യ അസ്ഥിത്വമാണ്. ചരിത്രപരവും സമൂഹശാസ്ത്രപരവുമായ തെളിവുകൾ ഉപയോഗിച്ചുകൊണ്ട്, ഗ്രാമങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വാദിച്ചു.